

ഇതാ! മനുഷ്യരെ അളവില്ലാത്തവിധം
സ്നേഹിക്കുന്ന ഹൃദയം.

കർമ്മെല കുസുമം.

പുസ്തകം ൨൧.) ജൂൺ. (ലക്കം ൩.

# തിരുഹൃദയ കീർത്തനം.

(ശ്രീമാൻ വി. എസ്. ആൻഡ്രൂസ്.)

മാൽഘോഷ് ചാപ്പ്.) (മയിലിലെ വാടി എന്ന മട്ട്.

തിരുഹൃദയമേ നമോ നമ ക്രിസ്തുൻ (തിരുഹൃദ.
തിരുമരണമാൻ കുരിശിലായങ്ങുന്ന
ഒരുഭടൻ തന്നീട്ടികൊണ്ടു പിളന്ന (തിരുഹൃദ.
പരമവനു കണ്ണും കരുണയാൻ വിണ്ണും
പരിചിൽ ദാനം ചെയ്ത സാത്വിക പൂണ്ണ (തിരുഹൃദ.
ലോകപാപം താങ്ങിയങ്ങുന്ന ക്രൂശിൽ തൂങ്ങി
ലോകേശ താതകോപം ഞങ്ങൾക്കു നീങ്ങി (തിരുഹൃദ.
വൈരികൾ തൻ പാപം ക്ഷമിക്കുവാൻ സന്താപം
പരമപിതാവൊടിരന്നൊരു ദിവ്യ (തിരുഹൃദ.
വിനയ മാധുര്യാദി വിശിഷ്ട ഗുണവേദി
മനുഷ്യ കന്മഷങ്ങൾക്കുത്തരവാദി (തിരുഹൃദ.

# പ്രസാധകക്കുറിപ്പുകൾ.

ജൂൺ മാസം.

തിരുഹൃദയ വണക്കമാസം സംബന്ധിച്ചു മലങ്കരയുടെ മാർ അഗസ്തീനോസു മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു കഴിഞ്ഞ മാസത്തിൽ അയച്ചിട്ടുള്ള ഒരു ഇടയലേഖനത്തിൽ നിന്നു ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:—

"ഹൃദയം സ്നേഹത്തിൻെറ ചിഹ്നമാകുന്നു. ഹൃദയം എന്ന പദത്തിനു സ്നേഹം എന്നു എല്ലാ ഭാഷയിലും അർത്ഥമുണ്ട്. അതിനാൽ ഈശോയുടെ ഹൃദയം ഈശോയുടെ സ്നേഹത്തിൻെറ അടയാളമാകുന്നു. "മനുഷ്യരെ ഇത്രവളരെ സ്നേഹിച്ച ഹൃദയത്തെ കണ്ടാലും" എന്നു മർഗ്ഗരീത്താ മറിയം എന്ന പുണ്യവതിയോടു അരുളിച്ചെയ്തുകൊണ്ട് തൻെറ ഹൃദയത്തെ തൻെറ സ്നേഹത്തിൻെറ ലക്ഷ്യമായി ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി ഈശോയുടെ സ്നേഹത്തോടുള്ള ഭക്തിയല്ലാതെ മറെറന്താണ്? സ്നേഹത്തെ അറിയാത്തവനും ബഹുമാനിക്കാത്തവനും ഇ

ങ്ങോട്ടുള്ള സ്നേഹത്തിനുപകരം അങ്ങോട്ടു സ്നേഹം കാണിക്കാത്തവനും മനുഷ്യനല്ല, അവൻ മൃഗവുമല്ല; മൃഗത്തേക്കാൾ നീചമായ സൃഷ്ടിനാണു. മൃഗങ്ങൾപോലും സ്നേഹത്തെ അറികയും ബഹുമാനിക്കയും പ്രതിസ്നേഹം കാണിക്കയും ചെയ്യുന്നുണ്ട്...... ഇങ്ങനെ ഈ മാസം എത്രയും ഭക്തിയോകൂടി കൊണ്ടാടുന്ന പക്ഷം ഈശോയുടെ തിരുഹൃദയം തൻെറ ഭക്തന്മാൎക്കു വാഗ്ദാനം ചെയ്തിട്ടുള്ള വിശേഷാനുഗ്രഹങ്ങൾ നിങ്ങൾക്കു തീർച്ചയായി ലഭിക്കുമെന്നു നാം ഓൎപ്പിക്കയും ആ അനുഗ്രഹങ്ങൾ കൈക്കൊള്ളുന്നതിനു നിങ്ങളെല്ലാവരും പാത്രമാകണമെന്നു ആഗ്രഹിക്കയും ചെയ്തുകൊണ്ട് സ്നേഹപൂൎവ്വം നിങ്ങളെ എല്ലാവരെയും ആശീൎവ്വദിക്കുന്നു."

## ജൂബിലിസ്മാരകം.

പരിശുദ്ധ പിതാവു തിരുമനസ്സിലെ ഗുരുപ്പട്ട സുവൎണ്ണജൂബിലി പ്രമാണിച്ചു ഭാരതീയ കത്തോലിക്കരുടെ വകയായി ഇൻഡ്യയിൽ ഒരു സ്മാരകം സ്ഥാപിപ്പാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. മാൎപ്പാപ്പാ തിരുമനസ്സിലെ പ്രതിനിധിയാണല്ലൊ ഇവിടത്തെ ദലഗാദപ്പസ്തോലിക്കാ. കാൻഡിയിൽനിന്നു ബാംഗ്ളൂരിലേക്കു ദലഗാദപ്പസ്തോലിക്കായുടെ ആസ്ഥാനം മാററിയിട്ടു ഇപ്പോൾ പന്ത്രണ്ടു കൊല്ലത്തോളമായിട്ടുണ്ട്. ഇപ്പോഴും കൂലിക്കെടുത്ത ഒരു കെട്ടിടത്തിലാണു ദലഗാദു തിരുമേനി താമസിച്ചുവരുന്നതു്. ആകയാൽ ജൂബിലിസ്മാരകമായി ഒരു ഡെലഗേഷൻ മന്ദിരം പണികഴിച്ചു കൊടുക്കുന്നതിനുള്ള ആലോചന എത്രയുംഅവസരോചിതമായിരിക്കുന്നു. ചൈനായിലും, കൊച്ചിൻ ചൈനായിലും ഏതദ്ദേശീയർ തന്നെ ഇപ്രകാരം ഡെലഗേഷൻ മന്ദിരം പണിയിച്ചുകൊടുത്തിട്ടു അധികമായിട്ടില്ല. അതിനാൽ ഭാരതീയരുടെ ഈ ഉദ്യമം, പൗരസ്ത്യ ജനങ്ങളോടു പരിശുദ്ധ പിതാവിനുള്ള പ്രത്യേക വാത്സല്യത്തിൻെറ ഒരുലക്ഷ്യമായിരിക്കതന്നേചെയ്യും. പരേതനായ ഗോവപാത്രിയക്കീസു തിരുമനസ്സുകൊണ്ടാണു ഈ ഉദ്യമത്തിൽ മുന്നിട്ടിറങ്ങിയിരുന്നതു്. പ്രായേണ എല്ലാ വൈദികാദ്ധ്യക്ഷന്മാരും അവരുടെ സമ്മതം പ്രദൎശിപ്പിച്ചു കഴിഞ്ഞു. ബാംഗളൂർ മെത്രാനച്ചൻ പ്രസിഡണ്ടായി ഇതിലേക്കു ഒരു സെൻട്രൽ കമ്മിററി സ്ഥാപിച്ചിട്ടുണ്ട്. ഓരോ രൂപതകളിലും രൂപതാകമ്മിററികളും സ്ഥാപിക്കുന്നതായിരിക്കും. അഞ്ചു രൂപായിൽ കുറയാത്ത ഒരു തുക ഇതിലേക്കു സംഭാവന ചെയ്യുന്ന എല്ലാവരുടെയും പേരുകളടങ്ങിയ ഒരു ലിസ്റ്റ് ഒരു മംഗളപത്രത്തോടുകൂടെ പരിശുദ്ധ പിതാവിനു സമൎപ്പിക്കുന്നതിനാണുദ്ദേശിക്കുന്നതു്. അമ്പതു രൂപായിൽ കുറയാതെ ദാനംചെയ്യുന്നവൎക്കു പ്രസ്തുത ലിസ്റ്റും മംഗളപത്രവും അടങ്ങിയ മനോഹരമായ ഒരു പുസ്തകം സൗജന്യമായി കൊടുക്കുന്നതിനും ഏൎപ്പാടു ചെയ്തിട്ടുണ്ട്. ആകപ്പാടെ ഒരു ലക്ഷം രൂപാ ചെലവു വേണ്ടിവരുമെന്നാണു തല്ക്കാലം ഉദ്ദേശിച്ചിരിക്കുന്നതു്. രൂപതയൊന്നുക്കു ൩,൦൦൦ രൂപാ വീതം പിരിഞ്ഞാൽ ഈ തുക നിഷ്പ്രയാസം ഉണ്ടാകുമെന്നും പ്രതീക്ഷിക്കപ്പെടുന്നു. ഈ ശ്രമം വിജയകരമായിത്തീരുന്നതിനു കത്തോലിക്കർ ഏവരുടെയും സഹായസഹകരണങ്ങൾ സെൻട്രൽ കമ്മിററിക്കാർ അഭ്യൎത്ഥിച്ചിരിക്കുന്നു.

## പ്രണയപ്രവാഹം.

പാലായിലെ കത്തോലിക്കകോൺഗ്രസ്സിൽവച്ചു നടത്തപ്പെട്ട ഗദ്യസാഹിത്യമത്സരപ്പരീക്ഷയിൽ ഒന്നാം സമ്മാനത്തിനർഹമായ ഈ സാമുദായികാഖ്യായിക തൽകൎത്താവായ മി. പി. ഉലഹന്നൻമാപ്പിള ഇപ്പോൾ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. നി. വ. ദിവ്യശ്രീ കാളാച്ചേരിൽ മാർ ജെയിംസു മെത്രാനച്ചൻെറ ഒരു ആശീൎവ്വാദലേഖനത്തോടും, റവ. ഫാദർ അബ്രാഹം വടക്കേയിൽ ബി. എ. പി. എച്ച്. ഡി. ഡി.ഡി. അവർകളുടെ അവതാരികയോടുംകൂടെ പ്രസിദ്ധീകൃതമായിരിക്കുന്ന ഈ കൃതി കേരളത്തിലെ കത്തോലിക്കാ കുടുംബങ്ങളിൽ പല മാതൃകാപാഠങ്ങൾ പഠിപ്പിക്കുന്നതിനു പൎയ്യാപ്തമാണ്. കെ. സി. സി. എ. സെൻട്രൽ ഡിപ്പോ മാന്നാനം എന്ന മേൽവിലാസത്തിൽ അപേക്ഷിച്ചാൽ പന്ത്രണ്ടണവിലയ്ക്കു ഈപുസ്തകം കിട്ടുന്നതാകുന്നു.

# സഭയും സമുദായവും.

(റൈററ് റവ. ഡോക്ടർ ജെയിംസ് കാളാശ്ശേരി പിഎച്ച്. ഡി. ഡി. ഡി. തിരുമനസ്സിലെ കോൺഗ്രസ്സ് അദ്ധ്യക്ഷ പ്രസംഗത്തിൽനിന്നു.)

സഭയും സമുദായവും തമ്മിൽ അപരിത്യാജ്യമായ ഒരു ബന്ധം എല്ലാ കാലത്തും ഉണ്ടായിട്ടുള്ളതാണ്. ഇന്നു ഭൂമുഖത്തിൽ കാണുന്ന പരിഷ്കൃതസമുദായങ്ങളെല്ലാംതന്നെ അവയുടെ ആധുനികസ്ഥിതിയിൽ എത്തിയിട്ടുള്ളതു കത്തോലിക്കാ സഭയുടെ സ്വാധീനശക്തിയൊന്നുകൊണ്ടാണെന്നു ചരിത്രം ഘോഷിക്കുന്നു. വല്ല പരിഷ്കൃതരാജ്യവും അധഃപതിച്ചു കാണുന്നുണ്ടെങ്കിൽ ആയതു സഭയുടെ നിർദ്ദേശങ്ങളെ അവ പരിത്യജിച്ചിട്ടാണെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. മൃഗപ്രായന്മാരായിരുന്ന ആദിമ പാശ്ചാത്യ രാജ്യങ്ങളെ മരുക്കി പരിഷ്കൃതന്മാരാക്കിത്തീർത്ത നമ്മുടെ പരിശുദ്ധമതം അതിന്റെ ഉൽകൃഷ്ടതരമായ നയം ഇക്കാലത്തും വിട്ടുപേക്ഷിച്ചിട്ടില്ല. സമുദായത്തിന്റെ സാന്മാർഗ്ഗികവും ഭൌതികവുമായ അഭിവൃദ്ധിയെ ഉദ്ദേശിച്ചുള്ള സഭയുടെ ഉപദേശങ്ങളെ നടപ്പിൽ വരുത്തുന്നതിനു വൈദികരും അല്മേനികളും സഹകരിച്ചു പരിശ്രമിക്കേണ്ടതാണ്. ഓരോരോ പ്രദേശങ്ങളിലുള്ള അംഗങ്ങളുടെ ഇടയിൽ കാണപ്പെടുന്ന സാമുദായിക ദോഷങ്ങളെ പരിഹരിക്കുന്നതിന്നു അതതു സ്ഥലങ്ങളിലെ വൈദികർക്കും സമുദായ പ്രമാണികൾക്കും ചുമതലയുണ്ടെന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണ്. നമ്മുടെ ജനസാമാന്യത്തിൽ പൊതുവേയുള്ള ഒരു ദുർഗ്ഗുണമാണു മദ്യപാനം. 'മദ്യപാനി സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതല്ല' (൧. കൊറിന്ത്യർ ൬. ൧൦.) എന്നു വിശുദ്ധ പൌലോസ് ശ്ലീഹാ വിശദമായി പഠിപ്പിച്ചിരിക്കുന്നതിൽനിന്നും ഇതു എത്രമാത്രം കഠിനമായി ശപിക്കപ്പെട്ട ഒരു ദുർഗ്ഗുണമാണെന്നു ക്രിസ്ത്യാനികൾ മനസ്സിലാക്കേണ്ടതാണ്. അതു പോരെന്നു വിചാരിക്കുന്നവർ മദ്യപാനംമൂലം അടികൂടി ലോകത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന കലാപങ്ങളേയും കുടുംബകലഹങ്ങളേയും ദാരിദ്ര്യത്തേയും കഠിന രോഗങ്ങളേയും ഒന്നു പരിഗണിച്ചു നോക്കട്ടെ. അതുകൊണ്ടു കത്തോലിക്കാ തത്വാനുസാരമായ മദ്യവർജ്ജനപരിപാടിയെ സ്വീകരിക്കേണ്ടതും മദ്യപാനാസക്തിയെ നിർമ്മൂലമാക്കുന്നതിനു ശ്രമിക്കേണ്ടതും അത്യാവശ്യമാണെന്നു, എന്റെ മുൻഗാമികളായി ഈ അദ്ധ്യക്ഷപദം സ്വീകരിച്ചിട്ടുള്ള പലേ മഹത്തുക്കളോടൊപ്പം ഞാനും ശക്തിപൂർവ്വം നിങ്ങളെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

സമുദായാംഗങ്ങളുടെ അനേക ദുർഗ്ഗുണങ്ങളെ ഇല്ലാതാക്കി അവരിൽ അനേകം സൽഗ്ഗുണങ്ങളെ ഉളവാക്കുന്ന വേറൊരു പ്രസ്ഥാനമാണ് പരസ്പരസഹായസംഘസ്ഥാപനം. മനുഷ്യൻ ഒരു സമുദായ ജീവിയാണെന്നും തന്നെത്താൻ സ്നേഹിക്കുന്നതുപോലെ തന്റെ സഹോദരന്മാരേയും സ്നേഹിപ്പാൻ കടപ്പെട്ടവനാണെന്നും സാമാന്യ ബോധവും ദൈവവാക്യവും നമ്മെ മനസ്സിലാക്കുന്നു. ദൈവകൃപയാൽ സാമാന്യം സമ്പന്നന്മാരായ പലരും നമ്മുടെ സമുദായത്തിലുണ്ടെങ്കിലും സാധുക്കളായ അനേകം വ്യക്തികളും നമ്മുടെ ഉടയിൽ ഉണ്ടെന്നുള്ളതു നാം വിസ്മരിച്ചുകൂടാ. നിർദ്ധനന്മാരും എന്നാൽ ദൃഢഗാത്രന്മാരുമായ ആളുകൾ തൊഴിലില്ലാതെ അലഞ്ഞു നടക്കുന്നതു എത്ര ഹൃദയഭേദകമായ ഒരു കാഴ്ചയാണു? അതുപോലെതന്നെ കടം വീട്ടു വകക്കും മററും അന്യായപ്പലിശക്കു കടം വാങ്ങിച്ചു തിരിയെക്കൊടുക്കാൻ കഴിവില്ലാതെ കുടുംബങ്ങൾ നശിക്കുന്ന കാഴ്ചയും ആരെയാണു വ്യസനിപ്പിക്കാത്തതു? ഈ ശോച്യാവസ്ഥയെ കഴിയുന്നത്ര കുറക്കുന്നതിനു പാശ്ചാത്യ രാജ്യങ്ങളിലെ പരസ്പരസഹായ സംഘങ്ങൾക്കു സാധിച്ചിട്ടുണ്ടു്. മഹത്തായ

*

ഈ ഉദ്ദേശത്തോടുകൂടി ഒരു കത്തോലിക്ക മഹാൻ കണ്ടുപിടിച്ചതാണ് പരസ്പരസഹായ പ്രസ്ഥാനമെന്നുള്ളതും നാം ഓർത്തിരിക്കേണ്ടതാണ്. എന്നാൽ പരസ്പരസഹായ സംഘങ്ങളുടെ കേരളത്തിലെ നടത്തിപ്പിൽ ഗണ്യമായ ഗുണം കാണുന്നില്ലെന്നു ഒരാക്ഷേപമുണ്ടെന്നിരുന്നാലും ക്രമേണ സാന്മാൎഗ്ഗിക ഗുണങ്ങൾ അംഗങ്ങളിൽ വ്യാപിക്കയും കൂടുതലായ മേൽനോട്ടത്തിന്നു വേണ്ട ശട്ടംകെട്ടുകൾ ചെയ്യുകയും ഉണ്ടാകുന്നപക്ഷം ഈ പ്രസ്ഥാനം കേരളീയ കത്തോലിക്കൎക്കു വളരെ അനുഗ്രഹപ്രദമായി തീരുന്നതാണെന്നുള്ളതു നിസ്തൎക്കമാണ്.

സമുദായ പരിഷ്കാരാഭിവൃദ്ധിക്കു വേണ്ടി കത്തോലിക്കസഭ ചെയ്തിട്ടുള്ളതും ചെയ്തുവരുന്നതുമായ പ്രധാന പ്രയത്നം വിദ്യാഭ്യാസപരമായിട്ടുള്ളതാകുന്നു. തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള വിദ്യാലയങ്ങളിൽ ഗണ്യമായ ഒരു ഭാഗം കത്തോലിക്കരാൽ നടത്തപ്പെടുന്നതാകയാൽ ഈ രാജ്യത്തിലെ വിദ്യാഭ്യാസ ഭരണത്തിലും തദനുരൂപമായ ഒരു സ്ഥാനം കത്തോലിക്ക വിദ്യാഭ്യാസപ്രവൎത്തകന്മാൎക്കുണ്ടായിരിക്കേണ്ടതു അത്യാവശ്യമാണ്. ഈ വിഷയത്തിൽ ഓരോ വിദ്യാലയങ്ങളുടെ അധികൃതന്മാരും താന്താങ്ങളുടെ വ്യക്തിപരമായ അവകാശങ്ങളേയും ആവശ്യങ്ങളേയും പററി യുക്തിവാദം ചെയ്തുകൊണ്ടിരിക്കുന്നതിൽ അനേകം മടങ്ങു നന്മകൾ ഏകോപിതമായ അവകാശവാദങ്ങൾമൂലം ലഭിക്കാനിടയുള്ളതുകൊണ്ടു സംസ്ഥാനങ്ങളെ ആസ്പദമാക്കിയുള്ള വിദ്യാഭ്യാസ പ്രവൎത്തകസംഘങ്ങൾ സ്ഥാപിച്ചു വ്യവസ്ഥാപിതമായ പ്രവൃത്തികൾ നടത്തിക്കൊണ്ടുപോകുന്നതു അത്യന്തം ഉപകാരപ്രദമായിരിക്കുമെന്നു ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുള്ളതാണ്. നമ്മുടെ പാഠശാലകളിലെ അദ്ധ്യാപകന്മാർ കഴിയുന്നതു കത്തോലിക്കർ തന്നെയാണെന്നു നമുക്കു ഏറെക്കുറെ അനുമാനിക്കാമെങ്കിലും വേദപാഠത്തിന്നു പാഠപദ്ധതിയിലുള്ള സ്ഥാനത്തെപ്പററിയും പാഠപുസ്തകങ്ങളുടെസന്മാൎഗ്ഗസ്വഭാവത്തെപ്പററിയും ഇനിയും പലതും ആഗ്രഹിക്കപ്പെടേണ്ടതുണ്ടു്. നമ്മുടെ വിദ്യാലയങ്ങളിൽ പഠിക്കുന്ന നമ്മുടെ കുട്ടികളുടെ ക്ലാസ്സുകയററത്തിന്നു വേദപാഠംകൂടി നിബന്ധവിഷയമായി കരുതിക്കൊള്ളുന്നതിന്നു വേണ്ടസ്വാതന്ത്ര്യം നമ്മുടെ വിദ്യാലയാധികൃതന്മാൎക്കു ഉണ്ടായിരിക്കേണ്ടതാണെന്നു കത്തോലിക്കരായ നാം ആവശ്യപ്പെട്ടാൽ നമ്മുടെ ഗവൎമ്മെൻറുകൾ ആയതിന്നു നമ്മെ അനുവദിക്കേണ്ടതല്ലയൊ? അതുപോലെതന്നെ വിദ്യാൎത്ഥികളുടെ സ്വഭാവ രൂപീകരണത്തെ പ്രഥമമായും അവരുടെ ലൗകിക വിജ്ഞാനത്തെ രണ്ടാമതായും പരിഗണിക്കുന്ന നമ്മുടെ വിദ്യാഭ്യാസപ്രവൎത്തകന്മാരിൽ അർഹന്മാരായ ചിലൎക്കെങ്കിലും ഈ സംസ്ഥാനങ്ങളിലെ പാഠപുസ്തക കമ്മററിയിൽ സ്ഥാനം അനുവദിച്ചു കിട്ടേണ്ടതല്ലയൊ? വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിലെ ഭരണാധികാരികളും പരിശോധകന്മാരുമായി' ഇപ്പോൾ നിയമിക്കപ്പെടുന്ന ഗവൎമ്മെൻറു വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരെപ്പോലെയൊ അതിൽ അധികമൊ യോഗ്യത, കത്തോലിക്കു വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാൎക്കുണ്ടെങ്കിൽ അങ്ങിനെയുള്ള ജോലികൾക്കു അവരേക്കൂടി അധികാരികൾ സ്വീകരിക്കേണ്ടതല്ലയോ? വക്കീൽ സംഘത്തിൽനിന്നും ജുഡീഷ്യൽ ഉദ്യോഗസ്ഥന്മാരെ സ്വീകരിക്കുന്ന നയം വിദ്യാഭ്യാസവിഷയത്തിൽ അസാദ്ധ്യമെന്നു വരുമോ? ഏതാദൃശ വിഷയങ്ങൾ മേൽപ്രസ്താവിച്ചവിധത്തിലുള്ള വിദ്യാഭ്യാസ കോൺഫറൻസുകളുടെയും കോൺഗ്രസ്സിൻെറയും ശ്രദ്ധയ്ക്കു പാത്രമാകേണ്ടതാണ്.

കത്തോലിക്കർ പൊതുവിൽ ചെയ്യേണ്ട ചില അത്യാവശ്യ സംഗതികളെക്കുറിച്ചു ഇത്രയും പ്രസ്താവിച്ചതുകൊണ്ടു കത്തോലിക്കു സാമുദായിക പരിശ്രമങ്ങളുടെ സാധാരണ രംഗം ഇടവകകളിലാണെന്നുള്ളതു വിസ്മരിച്ചുകൂടാ. ഇതുപോലെയുള്ള കോൺഗ്രസ്സുകളുടെ പോഷകശാഖകളും അങ്ങനെയുള്ള ശാഖാസംഘങ്ങളായിരിക്കേണ്ടതാണ്. ഇങ്ങനെയുള്ള സംഘങ്ങൾ വഴിയായി

വൈദികരും അൽമേനികളും സഹകരണ ബുദ്ധിയോടുകൂടി സാമുദായികവും മതാത്മകവുമായ കാൎയ്യങ്ങളിൽ പ്രവൎത്തിച്ചുകൊണ്ടു പോരുന്നപക്ഷം, സഭയ്ക്കും സമുദായത്തിനും തൻമൂലം അനല്പമായ ഗുണങ്ങൾ ഉണ്ടാകുന്നതാണു്. ഇററലിരാജ്യത്തിൽ ഇങ്ങനെയുള്ള കത്തോലിക്ക പരിശ്രമങ്ങൾ നടക്കുന്നതു മാർപ്പാപ്പാ തിരുമനസ്സിലെ നേതൃത്വത്തിലും ഉപദേശത്തിലും ആണെന്നോൎക്കുമ്പോൾ, കത്തോലിക്കസഭ ഈ വിധ സാമുദായിക പരിശ്രമങ്ങളെ എത്രത്തോളം വിലമതിക്കുന്നുവെന്നു ഊഹിക്കാവുന്നതാണല്ലോ. സാക്ഷാൽ കത്തോലിക്കപരിശ്രമത്തിനുവേണ്ടിയുള്ള പ്രാദേശികസംഘങ്ങൾ ഇററലിയ്ക്കു അഭിവൃദ്ധിഹേതുകമാണെങ്കിൽ കേരളത്തിനു ശ്രേയസ്കരമായിരിക്കുകയില്ലയോ?

ഈ അദ്ധ്യക്ഷപ്രസംഗത്തെ ഉപസംഹരിക്കുന്നതിനു മുൻപിൽ ഒരു കാൎയ്യംകൂടി നിങ്ങളെ ഓൎമ്മിപ്പിക്കുന്നതിനു നിങ്ങൾ എന്നെ അനുവദിക്കുമല്ലോ. കത്തോലിക്കരെന്നപേരിൽ അഭിമാനിക്കുന്ന നമുക്കു രാഷ്ട്രീയമായും സാമുദായികമായും എന്തെല്ലാം ധൎമ്മങ്ങൾ അനുഷ്ഠിക്കേണ്ടതായിരുന്നാലും അവയെല്ലാം അദ്ധ്യാത്മികമായ നിത്യസത്യങ്ങൾക്കു കീഴ്പ്പെട്ടിരിക്കേണ്ടതാണു്. "ആത്മാവിനുവേണ്ടി ശരീരവും ദൈവത്തിനുവേണ്ടി ആത്മാവും" എന്നുള്ളതായിരിക്കണം നമ്മുടെ മുദ്രാവാക്യം. ആകയാൽ ആദ്യമേ ദൈവത്തിന്റെ രാജ്യത്തേയും അങ്ങേ നീതിയേയും അന്വേഷിപ്പിൻ. അപ്പോൾശേഷമെല്ലാംനിങ്ങൾക്കു നൽകപ്പെടും' (മത്തായി 6. 33.) എന്നുള്ള നമ്മുടെ ദിവ്യരക്ഷകന്റെ തിരുവാക്യങ്ങൾ നമ്മുടെ നാനാമുഖമായ പരിശ്രമങ്ങൾക്കും ഒരു ഉത്തമ മാൎഗ്ഗദർശിയായി തീരട്ടെ. ആ പരമതത്വത്തിന്റെ താല്പൎയ്യം ലോകസമക്ഷം പ്രഖ്യാപനം ചെയ്യുന്നതിനും, നമ്മുടെ ദിവ്യരക്ഷകനായ ഈശോമ്ശിഹായുടെ നേൎക്കു നമുക്കുള്ള നിസ്സീമ ഭക്തിയെ പരസ്യമായി പ്രദൎശിപ്പിക്കുന്നതിനും ആയിട്ടാണു് ഒരു ദിവ്യകാരുണ്യമഹാസഭ കൂടി ഇതോടനുബന്ധിച്ചു കൊണ്ടാടണമെന്നു തീരുമാനിച്ചിട്ടുള്ളതു്. മലങ്കരയിൽ ആദ്യമായികൂടുന്ന ഈ ദിവ്യകാരുണ്യ മഹാസഭയിൽ ഭാഗഭാക്കുകളാകുന്നതിലേക്കു് ഇന്നിവിടെ വന്നിട്ടുള്ള സകലരേയും ഈ രൂപത മെത്രാൻ എന്നുള്ള നിലയിൽ നാം ക്ഷണിക്കുകയും, സ്വൎഗ്ഗസ്ഥനായ നമ്മുടെ ദിവ്യരക്ഷകൻ നമുക്കായി തുറന്നിരിക്കുന്ന അനന്തഭണ്ഡാഗാരത്തിൽ നിന്നു കഴിയുന്നത്ര നിക്ഷേപങ്ങൾ സമ്പാദിക്കാതെ നിങ്ങൾ മടങ്ങിപ്പോകുകയില്ലെന്നു ദൃഢമായി വിശ്വസിക്കയുംചെയ്യുന്നു.

പരമ കാരുണികനായ ദിവ്യരക്ഷകന്റെ തിരുസാന്നിദ്ധ്യവും സ്വൎഗ്ഗീയാശീൎവ്വാദവും നമ്മെയും നമ്മുടെ നാനാമുഖപരിശ്രമങ്ങളേയും അനുഗ്രഹിക്കുമാറാകട്ടെ.

# വേദപുസ്തക പാരായണം.

## നമ്മുടെ കൎത്താവീശോമ്ശിഹായുടെ മൂന്നു് ആഗ്രഹങ്ങൾ.

(വെരി. റവ. ഫാദർ അലക്സാണ്ടർ സി. ഡി.)

ഈശോമ്ശിഹായുടെ തിരുഹൃദയ വണക്കത്തിന്നു നിയമിക്കപ്പെട്ടിരിക്കുന്ന ജൂൺമാസത്തിൽ, തിരുഹൃദയ ഭക്തന്മാർ അറിഞ്ഞു പ്രവൎത്തിക്കുന്നതിനുവേണ്ടി, ഈശോയുടെ മൂന്നു വലിയ ആഗ്രഹങ്ങളെ സുവിശേഷത്തിൽനിന്നെടുത്തു ഇവിടെ ഉദ്ധരിക്കുന്നു.

൧. വിശുദ്ധ ലൂക്കായുടെ സുവിശേ

ഷം ൧൨-ാം അദ്ധ്യായം ൪൯-ാം വാക്യത്തിൽ ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: "ഭൂമിയിൽ തീയിടുവാൻ ഞാൻ വന്നു; അതു് പററി എരിവാനല്ലാതെ ഞാൻ അഗ്രഹിക്കുന്നതെന്തു്" സകല മാനുഷരുടെ ഹൃദയങ്ങളിലും കത്തിക്കുന്നതിനായി ലോകരക്ഷനാഥൻ കൊണ്ടുവന്നിരിക്കുന്ന ദൈവസ്നേഹാഗ്നിയെക്കുറിച്ചത്രെ ഇവിടെ പറയപ്പെടുന്നതു്. ഈ ദൈവസ്നേഹാഗ്നി നമ്മിലും നമ്മുടെ സഹോദരന്മാരിലും കത്തിയെരിവാൻ നാം പ്രയാസപ്പെടുന്നതായാൽ, നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തിനു അതു ഏററം പ്രസാദിക്കുന്ന ഒരു സൽക്രിയ ആയിരിക്കും. ഇതിലേക്കുദൈവസ്നേഹ പ്രകരണങ്ങളെ പാട്ടുപോലെ ഭക്തിപൂർവ്വം നാം ചൊല്ലിവരികയും ശേഷംപേരെ അതിനായി ഉത്സാഹിപ്പിക്കുകയും ചെയ്യാവുന്നതാകുന്നു.

൨. വിശുദ്ധ ലൂക്കായുടെ സുവിശേഷം ൨൨-ാം അദ്ധ്യായം ൧൫-ാം വാക്യത്തിൽ പറയപ്പെട്ടിരുന്നതായതു്. 'ഞാൻ പാട്ടുപെടും മുമ്പെ ഈ പെസഹാ നിങ്ങളോടുകൂടെ ഭക്ഷിപ്പാൻ ഞാൻ വളരെ അഗ്രഹിച്ചിരുന്നു.' പഴയ നിയമത്തിലെ പെസഹാ കുഞ്ഞാടിനാൽ രൂപീകരിക്കപ്പെട്ടിരുന്നതു, ലോകത്തിന്റെ പാപങ്ങളെ നീക്കിക്കളയുന്ന സാക്ഷാൽ ദിവ്യകുഞ്ഞാടായ ഈശോമ്ശിഹാ ആയിരുന്നു. അങ്ങുന്നു തന്റെ തിരുമരണത്താൽ പാപപരിഹാരബലി ആയിത്തീരുകയും, തന്റെ തിരുശരീരത്തേയും തിരുരക്തത്തേയും നമ്മുടെ ആത്മിക ഭോജനമായി തരികയും ചെയ്തു. ഈ പ്രകാരം ഒടുക്കത്തെ അത്താഴത്തിങ്കൽ സ്ഥാപിതമായ വിശുദ്ധ കുർബാന എന്ന ദിവ്യകൂദാശ വഴിയായി താൻ നമ്മോടു് പൂർണ്ണമായി യോജിക്കുന്നു. ഇതിനാൽ 'എന്റെ ശരീരത്തെ ഭക്ഷിക്കയും എന്റെ രക്തത്തെ പാനം ചെയ്കയും ചെയ്യുന്നവൻ എന്നിൽ വസിക്കുന്നു; ഞാൻ അവനിലും വസിക്കുന്നു' എന്നു വിശുദ്ധ യോഹന്നാന്റെ സുവിശേഷം ൬-ാം അദ്ധ്യായം ൫൭-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നു. ആകയാൽ വിശുദ്ധ കുർബാന പാട്ടുപോലെ അടുക്കലടുക്കൽ കൈക്കൊണ്ടു നമ്മുടെ കർത്താവിനോടു ഐക്യതപ്പെടുന്നതു അങ്ങേ തിരുഹൃദയത്തിന്നു ഏററം ഇഷ്ടമുള്ള സൽകൃത്യമാകുന്നു.

൩. വിശുദ്ധ ലൂക്കായുടെ സുവിശേഷം ൧൨-ാം അദ്ധ്യായം ൫൦-ാം വാക്യത്തിൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. "ഞാൻ കൈക്കൊള്ളേണ്ടതായ ഒരു ജ്ഞാനസ്നാനമുണ്ടു്. അതു നിവൃത്തിയാകുവോളം ഞാൻ എങ്ങിനെ ഞെരുങ്ങുന്നു." ഇവിടെ പറയപ്പെടുന്ന ജ്ഞാനസ്നാനം നമ്മുടെ സ്നേഹം നിറഞ്ഞ രക്ഷിതാവു് സ്വന്ത രക്തത്തിൽ നനഞ്ഞുകൊണ്ടും, ദുഃഖസന്താപങ്ങളുടെയും കഠിന പാടുപീഡകളുടെയും സമുദ്രത്തിൽ മുങ്ങിക്കൊണ്ടും നിവൃത്തിച്ച ആ ഭയങ്കര സ്നാനമാകുന്നു. ഈ ഭയങ്കര പീഡാനുഭവത്തെയും ഭംഗപ്പാടിനെയും ഓർത്തു ധ്യാനിക്കുന്ന ആത്മാക്കളിൽ ദൈവസ്നേഹാഗ്നി കത്തി എരിയാതെയിരിക്കയില്ല. ഇതിനാൽ വിശുദ്ധ പൌലോസ് മ്ശിഹാ കർത്താവിന്റെ തിരുമരണത്തേയും പാടുപീഡകളേയും ഓർത്തു ധ്യാനിക്കയിൽ "മ്ശിഹായുടെ സ്നേഹം നമ്മെ നിർബന്ധിക്കുന്നു" എന്നു എഴുതിയിരിക്കുന്നു. ഒരുവൻ തന്റെ സ്നേഹിതന്നുവേണ്ടി സ്വന്ത ആയുസ്സിനെ കൊടുക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല. എന്നാൽ നമ്മുടെ കർത്താവീശോമ്ശിഹാ നമ്മിൽ ഓരോരുത്തനുവേണ്ടിയും നമുക്കു എല്ലാവർക്കുംവേണ്ടിയും കുരിശിന്മേൽ മരിച്ചിരിക്കുന്നു. ഇതു ഓർത്തു ചിന്തിക്കുന്ന ഏതു മനുഷ്യന്റെയും ഹൃദയം പ്രതിസ്നേഹം കാണിക്കുന്നതിനു നിർബന്ധിക്കപ്പെട്ടുപോകുന്നതാണു്. ഇതുകൊണ്ടത്രെ, തന്റെ ജ്ഞാനസ്നാനം വേഗം നിവൃത്തിയാകേണമെന്നും, അതുമൂലം മാനുഷഹൃദയങ്ങളിൽ ദൈവസ്നേഹാഗ്നി കത്തി എരിയണമെന്നും നമ്മുടെ കർത്താവു് വളരെ വളരെ അഗ്രഹിച്ചിരുന്നതു്. "ഞാൻ ഉയർത്തപ്പെട്ടു കഴിയുമ്പോൾ സകലരെയും എന്റെ പക്കലേക്കു ഞാൻ വലിക്കും" എന്നു താൻ അരുളിച്ചെയ്തിരിക്കുന്നതിന്റെ താല്പര്യവും ഇതുതന്നെയാണു്. ആകയാൽ നമ്മുടെ കർത്താവിന്റെ തിരുഹൃ

പ്പെട്ട സ്വരൂപത്തെ ഉററു സൂക്ഷിച്ചു കൊണ്ടു അങ്ങേ പാടുപിഡകളെ ഓത്തു ധ്യാനിക്കുന്നതു നമ്മുടെ കത്താവിൻെറ തിരുഹൃദയത്തിനു ഏററം പ്രസാദിക്കുന്ന സൽകൃത്യമാകുന്നു. ദൈവസ്നേഹാഗ്നി നമ്മിൽ കത്തിയെരിവാനുള്ള ഉത്തമ മാൎഗ്ഗവും ഇതുതന്നെയാകുന്നു.

# തിരുഹൃദയ നാഥ. (ഗാഥ)

(ശ്രീമാൻ കെ. ജെ. അലക്സാണ്ടർ പായിപ്പാട്ട്.)

എത്രയുംകാരുണ്യമേറുന്നമാതാവേ!
ഇത്രിലോകത്തിന്നൊരേകതായേ!
നിത്യവുമിങ്ങുനിൻസങ്കേതമായോടി
യെത്തിയുപകാരസാഹായ്യംഞാൻ
അൎത്ഥിച്ചേനംബേ! മുലകുടിയാഞ്ഞേററ
മാൎത്തിയെഴുന്നകിടാവുപോലെ.
ചിന്മയേ! നിൻെറയപേക്ഷതൻസാ-
ചെമ്മെയിരന്നുവരുന്നവരിൽ (ഹായ്യം
ഏകനേപ്പോല്യംനീകൈവെടിഞ്ഞെന്നു-
ലോകത്തിലിന്നോളം കേട്ടിട്ടില്ല. (ഭൂ
എന്നുള്ളവാസ്സവംനിന്നുള്ളിലെപ്പോഴും
നന്നായ്നിനച്ചരുളീടവേണം
കന്യാവ്രതാവ്വതന്മാരുടെരാജ്ഞിയാം
കന്യേ!കനിവുററലോകമാതേ!
ഈവണ്ണമുള്ളശരണത്താലേഷഞാ-
നാവുന്നമട്ടിലുറച്ചുകൊണ്ടു്
അടൽപൂണ്ടമ്മേ!നിൻചേവടിത്താർതേ-
ലോടിവരുന്നു നെട്ടുവീൎപ്പിട്ടു് (ന്നി
കണ്ണുനീർളുകീട്ടു് പാപിയാം ഞാൻ-
പുണ്യമെഴുന്നകനിവുതൻെറ (നിൻെറ
ആഴത്തെക്കാത്തുനിൽ ചേണററചിൽ-
ച്ചുഴംസവിധത്തിൽനിന്നീടുന്നേൻ(പ്രഭാ
അംബേ! അവതരിച്ചുള്ളവചനത്തിൻ
നന്മയെഴുന്നഹൃദയത്തോടു
തെല്ലുമുപേക്ഷിയ്ക്കാതെ നിൻെറയപേക്ഷക-
ളെല്ലാം കനിവോടറിയിക്കണേ.

# യൌ. പിതാവിനു അയച്ചകത്തു്.

(ക. നി. മൂ. സ. ബ. പീയൂസു പട്ടക്കാരൻ.)

പതിനേഴാം ശതാബ്ദത്തിൻെറ അവസാന ഘട്ടത്തിൽ വീയന്നായ്ക്കു സമീപെയുള്ള 'ലെയിൻഗ്റൂബ്' എന്ന കുഗ്രാമത്തിൽ 'പോൾ മേർട്ടൻ'എന്നൊരു വയോവൃദ്ധൻ അദ്ദേഹത്തിൻെറ പതിനാറു വയസ്സുള്ള ജൊസേഫാ എന്നൊരു പുത്രിയോടുകൂടി ജീവിച്ചിരുന്നു. പിതാവു് സമൎത്ഥനായ ഒരു ഗായകനും, പുത്രി തയ്യൽപണിയിലും കസവു വേലയിലും അസാധാരണ നിപുണതയുള്ളവളുമായിരുന്നു. ഒരിക്കൽ അതിക്കഠിനംവലിയക്ഷാമമുണ്ടായി. ഇതിനാൽ ഇവൎക്കുജോലി കിട്ടാതെ വരികയും ഉപജീവന മാൎഗ്ഗങ്ങൾ അടഞ്ഞുപോകയും ചെയ്തു. പണ്ടേതന്നെ പിതൃധനമായി അധികമൊന്നുമില്ലായിരുന്ന ഈ കുടുംബത്തിനു ക്ഷാമബാധ എത്ര കണ്ടു ക്ലേശംവരുത്തിയെന്നു പറയേണ്ടതില്ലല്ലൊ. ക്ഷാമം ദിനംതോറുമെന്നപോലെ വൎദ്ധിച്ചു മൂൎദ്ധന്യാവസ്ഥയെ പ്രാപിച്ചു. പിതാവു സഹിക്കുന്ന ദാരിദ്ര്യക്ലേശങ്ങളെ കണ്ടു് സഹിക്കവയ്യാതെ അയപ്പോൾ "ഞാൻപോയി ഒരു വേലക്കാരിയായി ജോലി നോക്കാം. അപ്പോൾ കിട്ടുന്നശ

മ്പളം പിതാവിനു അയച്ചുതരുവാൻ എനിക്കു സാധിക്കും" എന്നു പറഞ്ഞുകൊണ്ടു ജോസേഫാ, പിതാവിനെ സമീപിച്ചു.

പിതാവ്- എന്ത്? നീയും എന്നെ ഉപേക്ഷിച്ചുംവച്ച് പൊയ്ക്കളയുമോ? പിന്നെ ആർ എന്നെ അന്വേഷിക്കും. ഒരു നാളും പാടില്ല. അതു ഞാൻ ഒരിക്കലും അനുവദിക്കയില്ല.

പുത്രി- പ്രിയപിതാവേ! അങ്ങയേ സഹായിക്കുന്നതിനു എനിക്കു ഒരു മാർഗ്ഗവുമില്ല. എൻെറ തലതൊട്ടമ്മയുടെ ഭർത്താവിനു, വല്ല സഹായവും ചെയ്യുതരണമെന്നു കാണിച്ചു പണ്ടേതന്നെ ഒരു കത്തയച്ചു എന്നുള്ളതു പിതാവു ഓർമ്മിക്കുന്നുണ്ടല്ലോ. എന്നാൽ ഇതുവരെയും ഒരു മറുപടി പോലും ലഭിച്ചിട്ടില്ല.

പിതാവ്- (കോപത്തോടെ) ഒന്നും അത്ഭുതപ്പെടുവാനില്ല. അങ്ങനെ നീ വല്ലവക്കുമൊക്കെ എഴുതിയിട്ടുണ്ടായിരിക്കാം.

പുത്രി- നിർഭാഗ്യം. പിതാവിൻെറ ഹൃദയത്തിൽ എന്തെല്ലാം നീചവിചാരങ്ങളെ അങ്കുരിപ്പിക്കുന്നു. നമുക്കു സഹായം ലഭിക്കുന്നതിനും വല്ലതൊഴിലുണ്ടാകുന്നതിനുമായി എൻെറ പ്രിയ മദ്ധ്യസ്ഥനോടു നമുക്കു പ്രാർത്ഥിക്കാം.

പിതാവ്— (കൂടുതൽ കുപിതനായിക്കൊണ്ട്)ആ സാധുവായ തച്ചന്അത്രവലിയ സ്വാധീനശക്തി സ്വർഗ്ഗത്തിലുണ്ടെന്നു യഥാർത്ഥത്തിൽ നീ വിശ്വസിക്കുന്നുണ്ടെന്നു പറയുവാൻ തുനിയുന്നോ? കൊള്ളാം അദ്ദേഹത്തിനു് എഴുതണമെന്നു നിനക്കു ആഗ്രഹമാണെങ്കിൽ എഴുതിക്കൊൾക. ഇപ്പോൾ കിട്ടും വലിയ സഹായം!

പുത്രി- അതു തീർച്ചയായും നല്ല വിചാരം തന്നെ. ഉടനെ തന്നെ അതു പ്രവൃത്തിയിൽ വരുത്താം. അദ്ദേഹത്തിനു ഞാൻ എഴുതും, എൻെറ കൊച്ചുവെള്ളപ്രാവ് അതും വഹിച്ചുകൊണ്ടു പോകും.

ജോസേഫാ ഉടനെ ഇരുന്നു ഒരു തുണ്ടുകടലാസിൽ ഇപ്രകാരം എഴുതി. "യൌസേപ്പിനു സ്വസ്തി. ഞങ്ങളുടെ വലിയ ആവശ്യത്തിൽ ഞങ്ങളോടു കരുണയുണ്ടാകണമെ. ഞങ്ങൾക്കു യാതൊരു തൊഴിലുമില്ല. ഉപജീവനമാർഗ്ഗം ഒന്നുമില്ല. എനിക്കു വല്ല ജോലിയും കിട്ടുന്നതിനായി നമ്മുടെ പ്രിയ കർത്താവിനോടു പ്രാർത്ഥിക്കണമെ. എന്തെന്നാൽ എൻെറ പിതാവ് വിശപ്പുകൊണ്ടുവലയുന്നു.

എന്ന് അവിടുത്തെ വിശ്വസ്ത നാമധാരിണി, കസവുപണിക്കാരിയും സംഗീതവിദഗ്ദ്ധൻെറ പുത്രിയുമായ ജോസേഫാമേർട്ടൻ, ലെയിഗ്റൂബ്, മരിയ ഹെൽഫെർ തെരുവു. നമ്പ്ര ൧൩."

അനന്തരം എഴുത്തു മടക്കി പട്ടുനൂലുകൊണ്ടു അതിനെ ചുററി പ്രാവിൻെറ കഴുത്തിൽ കെട്ടി അതിനെ കൂട്ടുതുറന്നു വിട്ടു. അതു അങ്ങനെ പറന്നു പോകുന്നു. കുറെ പറന്നശേഷം ധനികനായ 'ഹെർട്ടി എന്ന വണിക്കുപ്രഭുവിൻെറ ജനൽ വാതുക്കൽ ചെന്നിരുന്നു. അയാൾ തെല്ലു അത്ഭുതപ്പെടാതിരുന്നില്ല. കഴുത്തിൽ തൂങ്ങികിടന്ന എഴുത്തു പൊട്ടിച്ചു വായിച്ചു. അതിൽ പ്രകടിതമായിരുന്നബാലികയുടെ നിഷ്കളങ്കവിശ്വാസത്തെ കണ്ടു് ഹൃദയമിളകി. എങ്ങിനെയെങ്കിലും അവളെ സഹായിക്കണമെന്നു കരുതി താമസംവിനാ അദ്ദേഹം പുറപ്പെട്ടു.

ജോസേഫാ പ്രാവിനെ പറപ്പിച്ചിട്ടു കഷ്ടിച്ചു ഒരു മണിക്കൂർ തന്നെ ആയിട്ടില്ല. വാതുക്കൽ ആരോ മുട്ടുന്നു. 'അകത്തേക്കു വരൂ' എന്നുപറഞ്ഞു് 'പോൾമേർട്ടൻ' അതിഥിയെ ക്ഷണിച്ചു. അതിഥി മുൻപറഞ്ഞ'ഹെർട്ടി' തന്നെ. അയാൾ അകത്തേക്കു കടന്ന ശേഷം "ജോസേഫാ മെർട്ടിൻ താമസിക്കുന്നതു് ഇവിടെയാണോ"

പിതാവ്- അതേ, അവളെക്കൊണ്ടു നിങ്ങൾക്കു വല്ല കാര്യവുമുണ്ടോ?

അതിഥി- എൻെറ പേർ ജോസഫ് ചാർത്സ്ഹെർട്ടി എന്നാണ്. ഞാൻ ഒരു രത്നവ്യാപാരിയാണ്. അടുത്താണ് താമസം. എൻെറ പ്രത്യേകമദ്ധ്യസ്ഥനായ വിശുദ്ധ യൌസേപ്പു പിതാവിനു അയച്ച ഒരു കത്തു എനിക്കു കിട്ടി. അതു നിങ്ങളുടെ പുത്രിയാണ് എഴുതിയതു്. യൌസേപ്പു പിതാവി

ന്റെ നാമത്തിൽ വല്ലതും ചെയ്യുകൊടുക്കണമെന്നാണ് അതിന്റെ താല്പര്യം. തയ്യൽ പണി സംബന്ധിച്ച് ഒട്ടേറെ എനിക്കചെയ്യിക്കേണ്ടതായിട്ടുണ്ട്. അതുനിങ്ങളുടെപുത്രിയെക്കൊണ്ടുതന്നായിട്ടുചെയ്യിച്ചുതരണം. കർമ്മലീത്താ ദേവാലയത്തിലെഗായകസംഘത്തിലെഒരംഗം ക്രടെയുമാണ് ഞാൻ. തന്നിമിത്തം സംഗീതസംബന്ധമായി ചിലതെല്ലാം എനിക്ക പഠിക്കേണ്ടതായിട്ടുണ്ട്. നിങ്ങളും നിങ്ങളുടെ പുത്രിയും ഈ കാര്യങ്ങളെല്ലാം നടത്തി തരുമോ?

ജോസേഫ്:- (ഉറക്കെ)ഓഹോ പത്തുവട്ടം. അനന്തരം പിതാവിന്റെ നേരെ തിരിഞ്ഞു "പിതാവേ! യൗസേപ്പുപിതാവു എത്ര കരുണയോടെയാണ് എന്റെ കത്തു സ്വീകരിച്ചതെന്നു അവിടുന്നു കാണുന്നില്ലെ? എത്ര തീക്ഷ്ണതയോടെ അവിടത്തേക്ക നന്ദി പറയേണ്ടിയിരിക്കുന്നു"

അതിഥി- അതേ മിസ്സ്മെർട്ടൻ, അങ്ങിനെ എല്ലാപ്പോഴുംചെയ്യൂ. അപ്പോൾ ആശ്വാസവും സഹായവുമുണ്ടാകാതെ പോകയില്ല. നിനക്ക വേലക്കു ആവശ്യമുള്ള എല്ലാ സാധനങ്ങളും ഞാൻ എന്റെ ഭൃത്യന്റെ കൈവശം കൊടുത്തയയ്ക്കാം" അനന്തരം പോൾമേർട്ടിന്റെ നേരെ തിരിഞ്ഞു "സർ നിങ്ങൾ ദയവായി നാളെത്തന്നെ എനിക്കായി സംഗീതക്ലാസ്സു ആരംഭിക്കുമോ. ഇതാ എന്റെ മേൽവിലാസം. വി. യൌസേപ്പിന്റെ ഒരു വലിയ ഛായാപടം എന്റെ ഭവനത്തിന്റെ പൂമുഖത്തു തൂങ്ങിക്കിടപ്പുള്ളതുകൊണ്ട് നിങ്ങൾക്ക വീടു തെററിപ്പോകയില്ല" സാദരം ആചാരവന്ദനം ചെയ്തുപിരിഞ്ഞു. അനന്തരം പുത്രിസന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ടു പിതാവിന്റെ കരങ്ങളിൽ വീണു. പിതാവാകട്ടെ വി. യൌസേപ്പിന്റെ വല്ലഭത്വത്തെക്കുറിച്ച് സംശയിച്ചതിനെ ഓർത്തു ലജ്ജിച്ചും കുണ്ഠിതപ്പെട്ടും അധോമുഖനായി കഴിച്ചുകൂട്ടി.

---

# കുർബാന എന്ന ബലി.

(ശ്രീമാൻ വി. സി. ജോർജ്ജ്. ബി. എ.)

അദ്ധ്യാത്മ ശാസ്ത്രക്കാർ വേദപുസ്തകത്തേയും ഐതിഹ്യത്തേയും അടിസ്ഥാനപ്പെടുത്തി ബലിയെ യഥാർത്ഥമായതും യഥാർത്ഥമല്ലാത്തതും ഇങ്ങനെ രണ്ടു തരമായിട്ട് തിരിക്കുന്നുണ്ട്. ജപം, ദാനധർമ്മം, ഉപവാസം ആദിയായി സ്രഷ്ടാവിനെ ബഹുമാനിക്കേണമെന്നുള്ള ഉദ്ദേശത്തോടു ക്രടി ചെയ്യപ്പെടുന്ന അഭ്യന്തരമോ ബാഹ്യമോ ആയ നന്മ ക്കുടത്ത പ്രവൃത്തികൾ യഥാർത്ഥമല്ലാത്ത ബലികളാകുന്നു. യഥാർത്ഥബലിയോയെന്നാൽ ദൈവത്താൽ സ്ഥാപിക്കപ്പെട്ടതും, തന്നെസകലത്തിന്റെയും നാഥനുംജീവന്റെയും മൃതിയുടെയുംകർത്താവുംആയിട്ട് അംഗീകരിപ്പാൻനിശ്ചയിക്കപ്പെട്ടിരിക്കുതുമായ ഇന്ദ്രിയഗോചരമായ ഒരു വസ്തുവിന്റെ ബാഹ്യമായ യാഗമാകുന്നു. യഥാർത്ഥ ബലിതന്നെ ആദർശകം, ലക്ഷണികം, സ്മാരകം ഇങ്ങനെ മൂന്നായിവിഭജിക്കപ്പെടാം. ഇവയിൽ ആദ്യത്തേതു് കേവലവും മററുള്ളവ അതിനെ സംബന്ധിക്കുന്നതുകൊണ്ട് സാപേക്ഷവുമാകുന്നു. ലാക്ഷണികവും സ്മാരകവും, അവയിൽ ആദ്യത്തേതു വരുവാനിരിക്കുന്ന ആദർശകബലിയെ കാണിക്കയും അതിന്റെ ഛായയായിരിക്കയും ചെയ്തുകൊണ്ടും, മറേറതു കഴിഞ്ഞുപോയ ആദർശകബലിയുടെ പ്രാതിനിദ്ധ്യം വഹിക്കുന്നതിനും ലോകാവസാനംവരെ അതിനെ നവീകരിക്കുന്നതിനും നിശ്ചയിക്കപ്പെട്ടിരിക്കകൊണ്ടും ആണ് അപ്രകാരം വിളിക്കപ്പെടുന്നതു്. മനുഷ്യ

ജാതനായ ദൈവപുത്രൻലോകത്തിൻെറ പാപങ്ങൾക്കായിട്ടു തന്നെത്തന്നെ യാഗം ചെയ്തു ക്രൂശിന്മേലുണ്ടായ ആ ബലിമാത്രമായിരുന്നു ആദർശകബലി. ആ ബലിയുടെ നാളിൽ അവസാനിക്കേണ്ടവയായിരുന്ന പഴയ നിയമത്തിലെയാഗങ്ങളെല്ലാം ലക്ഷണിക ബലികളായിരുന്നു. കാലാന്ത്യം വരെയും ചെയ്യപ്പെടുവാനിരിക്കുന്ന പുതിയ നിയമത്തിലെ ഏകയാഗം, അതായതു്, വിശുദ്ധ കുർബാനയാകുന്ന സ്മാരകബലി. പുതിയതും പഴയതുമായ ഈ യാഗങ്ങളെല്ലാം ഇന്ദ്രിയഗോചരമായ ഒരു വസ്തുവിൻെറ മേധത്തിൽ അടങ്ങിയിരിക്കയും ദൈവത്തെ സകലത്തിൻെറയും നാഥനും, ജീവൻേറയും മൃതിയുടെയും കർത്താവുമായിട്ടു് അംഗീകരിപ്പാൻ വേണ്ടി അദ്ദേഹത്താൽ സ്ഥാപിക്കപ്പെട്ടകയും ചെയ്തതുകൊണ്ടു് അവയെല്ലാം സാക്ഷാൽ ബലികളെന്നാണു പറയപ്പെടേണ്ടതു്.

ദൈവൈക യോഗ്യമായ പരമാരാധന ചെയ്യുന്നതിനു് "ലത്രെയൂത്തിച്ചി" എന്നും ലഭിച്ച നന്മകൾക്കു കൃതജ്ഞത കാണിപ്പാനായി "എവുക്കരീസ്തീച്ചി" എന്നും പുതിയ നന്മകളെ ലഭിപ്പാനായി "ഇംപെത്രത്തോറി" എന്നും ചെയ്യപ്പെട്ട പാപങ്ങളുടെ പൊറുതിക്കായി "പ്രൊപ്പീസ്യത്തോറി" എന്നും ഇങ്ങനെ നാലുവിധ ബലികളെ ദൈവം പഴയ നിയമത്തിൽ സ്ഥാപിച്ചു. എന്നാൽ പഴയനിയമത്തിലെ ബലികൾക്കു് പകരം ദൈവം പുതിയ നിയമത്തിൽ വിശുദ്ധ കുർബാനയെ സ്ഥാപിച്ചുകൊണ്ടു് അതിനു ആരാധനസ്തുത്യത്തും കൃതജ്ഞതസ്തൂട്ടത്തും അപേക്ഷസ്തൂട്ടത്തും പാപപരിഹാരത്തിനടുത്തതുമായസകലവരങ്ങളേയും കൊടുത്തു. കുർബാന "അപ്പത്തിൻെറയും വീഞ്ഞിൻെറയും സാധനത്തിൻകീഴ് ദൈവത്തിനു കാഴ്ച്ചവെക്കപ്പെടുന്ന ഈശോമ്ശിഹായുടെ ശരീരത്തിൻെറയും ചോരയുടെയും ബലിയാകുന്നു" എന്നു വിവരിക്കപ്പെടാം. ഇതിൽ നിന്നു് കുർബാന കുരിശിൽവച്ചു് ചെയ്തു ബലിയിൽനിന്നു് അതു് ചെയ്യപ്പെടുന്ന വിധത്തിലല്ലാതെ വ്യത്യാസപ്പെടുന്നില്ലെന്നു കാണുന്നുണ്ടല്ലോ. രണ്ടിലും ബലിസാധനവും യാജകനും ഒന്നു തന്നെയാകുന്നു. ലോകരക്ഷിതാവായ ഈശോമ്ശിഹാ ഇപ്പോഴും കുരിശിന്മേൽ തന്നെത്തന്നെ ബലി കഴിക്കുകയും തൻെറ അമൂല്യരക്തത്തെ ചിന്തുകയും ചെയ്യുന്നില്ലെങ്കിലും നമ്മുടെ ബലിപീഠങ്ങളിന്മേൽ പട്ടക്കാരൻ വഴിയായിട്ടും രക്തം ചിന്താതെയും തന്നെത്തന്നെ ബലി കഴിക്കുന്നുണ്ടു്.

വിശുദ്ധ കുർബാനയെക്കുറിച്ചുള്ള കത്തോലിക്ക സഭയുടെ വിശ്വാസം ചുരുക്കത്തിൽ മേല്പറയപ്പെട്ടതാകുന്നു. എന്നാൽ പ്രോട്ടസ്റ്റൻറു തത്വം ക്രിസ്തീയ തത്വങ്ങളെ ദൂഷിക്കയും നിഷേധിക്കയും ചെയ്യുന്ന പതിവനുസരിച്ചു് കുർബാന സാക്ഷാൽ ബലിയല്ലെന്നും ശാന്തികരമല്ലെന്നും ജീവിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടി കുർബാന അണയ്ക്കുന്നതുകൊണ്ടു് യാതൊരു ഉപയോഗവുമില്ലെന്നും കുർബാനക്രമത്തിൽ പാശ്ചാത്യസഭ ലത്തീൻ ഭാഷ ഉപയോഗിക്കുന്നതു അബദ്ധമാണെന്നും പഠിപ്പിക്കുന്നു. പ്രോട്ടസ്റ്റാൻറുകാരുടെ അഭിപ്രായത്തിൽ എന്തുമാത്രം പിശകുണ്ടെന്നു് അടുത്ത തവണ കാണിക്കുന്നതാണു്.

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

കൊതവറപ്പള്ളിയിടവക പരേതനായ ഞായപ്പള്ളിൽ ബ. യൌസേപ്പച്ചൻെറ ജ്യേഷ്ഠപുത്രനും ബ. പത്രോസുശമ്മാശൻെറ പിതാവുമായ ഞായപ്പള്ളിൽ ഇട്ടൂപ്പു വക്കീ മെയ് ൧൦-ാംനു- ൭൯ വയസ്സു.

കാഞ്ഞിരപ്പള്ളിയിടവക കരിപ്പപ്പറമ്പിൽ ഡൊമ്നിക്കു വക്കീൽ മുതൽപേരുടെ മാതാവു ശ്രീമതി അക്കാമ്മ മേ. ൧൦-ാംനു- ൻ൨ വയസ്സു.

അതിരമ്പുഴ ഇടവക ക. നി. മൃ. സ. ബ. ശെമഓൻ സഹോദരൻ അവർകളുടെ പിതാവു മൂലക്കാട്ടു ദേവസ്യാ അവർകൾ, മേ ൧൭-ാംനു- ൬൭ വയസ്സു

# ചെറുപുഷ്പ സഹോദരികൾ.

## അമേരിക്കനായ ഫാദർഡോളൻെറ സന്ദർശനവിവരങ്ങൾ.

## VI.

### ലെയോനിയുമായുള്ള സന്ദശ്നം.

(റവ. ഫാദർ എജീദിയോസ് സി. ഡി.)

ചെറുപുഷ്പ സഹോദരികളായ പൗളിൻ, മരിയ, സെലിൻ എന്നിവരുമായുള്ള എൻെറ രണ്ടു സന്ദശ്നങ്ങളുടെ വിവരങ്ങൾ എല്ലാംതന്നെ ഞാൻനിങ്ങളോടു പറഞ്ഞു കഴിഞ്ഞിരിക്കുന്നു. ഇവർ മൂവരുമായി സംഭാഷണം നടത്തിയശേഷം കയ്യനിൽ താമസിക്കുന്ന വിസിറേഷ്യൻ സഭാംഗമായ ലെയൊനിയെ കണ്ടു സംസാരിക്കുന്നതിനു ഞാൻ നിശ്ചയിച്ചു. കയ്യൻ എന്ന ഗ്രാമം ലിസിയിൽ നിന്നും വളരെ അകലെയാണ് സ്ഥിതി ചെയ്യുന്നതു്. ഏകദേശം മൂന്നുമണിക്കൂർ നേരത്തേ യാത്രകൊണ്ടേ അവിടെ ചെന്നെത്തുവാൻ സാധിയ്ക്കുയുള്ളു. ഒരുദിവസം കാലത്തു മോട്ടോർമാർഗ്ഗം ഞാൻ അവിടേയ്ക്കു പുറപ്പെട്ടു. വഴിയുടെ ദൈർഘ്യമൊ ദുർഘടമൊ ഒന്നുംതന്നെ ഞാൻ അറിഞ്ഞില്ല. അവിടെ എത്തിയ ഉടൻ ഞാൻ വിസിറേഷ്യൻ മഠം ലാക്കാക്കി പുറപ്പെട്ടു. വഴിയിൽ കണ്ടുമുട്ടിയ ആളുകളിൽ ആക്കുംതന്നെ ആ മഠം എവിടെയാകുന്നു എന്നു് അറിവില്ലായിരുന്നു. അവസാനമായി രണ്ടു ഫ്റഞ്ചു വൈദികരെ കണ്ടുമുട്ടുന്നതിനിടയായി. അവരോടു എനിക്കു് മഠത്തിലേക്ക് വഴി കാണിച്ചുതരണമെന്നു അപേക്ഷിച്ചു. അതിനു അവർ; 'ഫാദർ! അതു ഇവിടെ അടുത്തുതന്നെയാണ്. ഞങ്ങൾ അവിടുത്തേശ്രേഷ്ഠത്തിയമ്മയെ കാണുവാൻ പോകയാകുന്നു' എന്നു പറഞ്ഞു. ഹാ!! എന്തൊരു ഭാഗ്യം.

ഞാൻ ലിസിയിലെപ്പോലെ കയ്യനിൽ പരിചയമുള്ളവനായിരുന്നില്ല. ഞാൻ ഒരമേരിക്കനാണെന്നും ചെറുപുഷ്പസഹോദരിയായ ലെയോനിയെ കാണുവാനായി മാത്രം ഇവിടെ വന്നിരിക്കയാണെന്നുമുള്ളവിവരം അവരോടു് അറിയിച്ചശേഷം ആരും അറിയാതെ അവരോടുകൂടെ എന്നെയും സന്ദശ്നമുറിയിലേക്ക കൂട്ടിക്കൊണ്ടു പോകണമെന്നും അവരുടെ സംഗതികൾ അവസാനിക്കുമ്പോൾ എൻെറ അപേക്ഷകൾ ശ്രേഷ്ഠത്തിയോടു ഞാൻ അറിയിച്ചുകൊള്ളാമെന്നും അവരോടു പറഞ്ഞു. അതിനു അവർ 'അതു സഭ്യമായ ഒരു പ്രവൃത്തിയല്ല. ഞങ്ങളുടെ ഇപ്രകാരമുള്ള പ്രവൃത്തി കണ്ടാൽ മദർ സൂപ്പീരിയക്ക് ഞങ്ങളോടു അതൃപ്തി തോന്നിയേക്കും' എന്നു പറഞ്ഞു് ആദ്യം നിഷേധിച്ചുകളഞ്ഞു. എങ്കിലും എൻെറ അതിയായ അപേക്ഷയാൽ ഒടുവിൽ അവർ സമ്മതിക്കുകയും ഞങ്ങൾ എല്ലാവരുംകൂടി സന്ദശ്ന വാതുക്കൽ വന്നു മണി അടിയ്ക്കുകയും ചെയ്തു.

ഉടനെ വാതിൽക്കാരിവന്നു വാതിൽ തുറന്നു ഞങ്ങളെ അകത്തു കയററി. വിസിറേഷ്യൻ നിയമങ്ങൾ കർമ്മലീത്തരുടേതുപോലെ കക്കശങ്ങളല്ല. അവരുടെ വാതിൽമുറി കർമ്മലീത്തരുടേതിൽ നിന്നും വളരെ വ്യത്യാസപ്പെട്ടതാണ്. അവക്ക് നിർദ്ദിഷ്ടമായ ഒരാവൃതിയിൽതന്നെ ജീവിതം മുഴുവനും നയിക്കണമെന്നും ഇല്ല. ഇരുകൂട്ടക്കും സന്ദശ്നമുറിയിൽ അഴിച്ചുവരുകൾ ഉണ്ടു്. എന്നാൽ വിസിറേഷ്യൻകാരുടേതു ഘനഭിത്തികൾ കൊണ്ടുള്ളതല്ല. പിന്നെയോ ആ സ്ഥലം ഇരുമ്പഴിയിട്ടു വിരികളാൽമറയ്ക്കപ്പെട്ടിരിക്കുന്നു. സന്ദശ്നമുറിയിൽ ഒരു സഹോദരി വരുമ്പോൾ പ്രസ്തുത വിരി ഒരു വശത്തേയ്ക്കു മാററപ്പെടുകയും തൻമൂലം നാം സംസാരിക്കുന്ന സഹോദരിയെ നമുക്കു കാണുകയും ചെയ്യാം. ഈ ഒരു കാര്യം എനിക്ക് വളരെ സന്തോഷത്തേ ഉളവാക്കി. എന്തു

കൊണ്ടെന്നാൽ ലെയൊനി എന്നെക്കാണുവാൻ വരുമ്പോൾ അവളോടു സംസാരിക്കുന്നതിനു തന്നെയല്ലാ അവളെ കാണുന്നതിനുകൂടെയും സാദ്ധ്യമാകുമല്ലോ എന്നായിരുന്നു എന്റെ വിചാരം. ഞങ്ങൾ സന്ദൎശനമുറിയിൽ കുറേ വിനാഴിക താമസിച്ചു. അപ്പോൾ ഇതാ വിരി ഒരു വശത്തേക്കു് മാറുകയും ശ്രേഷ്ഠത്തി ഞങ്ങളുടെ മുമ്പാകെ പ്രത്യക്ഷയാകുകയും ചെയ്തു.

ഫ്റഞ്ചുകാരായ ആ വൈദികർ അവരുടെ കാൎയ്യം ഉടനടി നിൎവ്വഹിച്ചശേഷം എന്നെ അവരുമായി പരിചയപ്പെടുത്തിക്കൊണ്ടു സ്ഥലം വിട്ടു. ഉടനെതന്നെ ലെയോനിയെ കാണണമെന്നുള്ള എന്റെ ആഗ്രഹത്തെ അവരെ ഞാൻ അറിയിച്ചു. അവരുടെ ഉടനെയുള്ള മറുപടി 'അതു അസാദ്ധ്യം' എന്നായിരുന്നു. ഇപ്രകാരമുള്ള 'അസാദ്ധ്യം' പല പ്രാവശ്യം കേട്ടു തഴങ്ങിയിരുന്നതിനാൽ എനിക്കു് വലിയ പരിഭ്രമത്തിനു വഴി ഉണ്ടായിരുന്നില്ല. ഞാൻ ഉടനെ മരിയയും സെലിനും പൗളീനും കൈയ്യൊപ്പുവെച്ചു തന്ന ചെറുപുഷ്പരൂപം എടുത്തു കാണിച്ചുകൊണ്ടു്, 'മദർ! നാലാമത്തെ സഹോദരിയായ ലെയോനിയുടെ കൈയ്യൊപ്പുകൂടെ ഇതിൽ ഇല്ലാതിരുന്നാൽ ഇതു അപൂൎണ്ണമായിരിക്കുമല്ലോ എന്നു പറഞ്ഞു. ഉടനെ അതു അപൂൎണ്ണംതന്നെ ആയിരിക്കും എന്നു സമ്മതിച്ചുകൊണ്ടു് 'ഞാൻ ഈ രൂപം കൊണ്ടുപോയി ലെയോനിയുടെ കൈയ്യൊപ്പു് വെപ്പിച്ചു ഉടനടി മടക്കിക്കൊണ്ടെത്തരാം' എന്നു പറഞ്ഞു. ഞാൻ— മദർ! അതുവേണ്ടാ. എനിക്കു് അവളുമായി ഒന്നു സംസാരിക്കണം. മദർ— അതു അസാദ്ധ്യം. എല്ലാ സഹോദരികളിൽ വെച്ചു അവളാണു് ജോലിത്തിരക്കുള്ളവൾ. അത്യാവശ്യ കാൎയ്യങ്ങൾക്കായിട്ടല്ലാതെ സന്ദൎശനമുറിയിൽ വരുന്നതിനു് എനിക്കു് അനുവദിക്കുവാൻ പാടില്ലെന്നു അച്ചനു അറിയാമല്ലോ.' ഞാൻ— ഈ ഒരു സംഗതിക്കായിട്ടുമാത്രം ഇത്ര വലിയ യാത്രയും കഴിച്ചു വന്ന സ്ഥിതിക്കു് ഒരൊഴിവു തരുവാൻ പാടില്ലയോ? മദർ— അച്ചൻ ഭദ്രാസന ദേവാലയം കണ്ടില്ലേ? ഞാൻ— അതു ഞാൻ കണ്ടില്ല. കാണണമെന്നു ആഗ്രഹിക്കുന്നുമില്ല. (*) ലെയോനിയെ കാണുവാൻവേണ്ടി മാത്രമാണു് ഞാൻ ഇവിടെ വന്നതു്. മദർ— അച്ചൻ കയ്യിൽ ഗ്രാമം വിട്ടു പോകുന്നതു് എന്നാണു്. ഇപ്രകാരമുള്ള ഒരു ചോദ്യത്തിനു പൌളിനുകൊടുത്ത മറുപടി വളരെ ഫലിച്ചതിനാൽ അപ്രകാരം ഒരുതരം ഇവിടെയും കൊടുത്തുകളയാം എന്നുകരുതി "മദർ! അതു നിങ്ങളുടെ കയ്യിൽ ഇരിക്കുന്നു. ഞാൻ പോകുന്നതിനിടക്കു് ലെയോനിയെകണ്ടു് എനിക്കു് സംസാരിക്കണം" എന്നുപറഞ്ഞു. എന്നാൽ എന്റെ ഉത്തരം പൌളിനെ ആനന്ദിപ്പിച്ചതു പോലെ ഈ ശ്രേഷ്ഠയെ ആനന്ദിപ്പിച്ചില്ല. അവൾ ഒരു പുഞ്ചിരിഇടുകപോലും ചെയ്യാതെ വീണ്ടും "ലെയൊനിയെകാണുവാൻ അസാദ്ധ്യം" എന്നുമാത്രം പറഞ്ഞു. ഞാൻ വളരെ സാദ്ധ്യപ്പെട്ടപേക്ഷിച്ചു. ഫലം നാസ്തിതന്നെ. കിട്ടിയ അവസരംപോലും നഷ്ടപ്പെട്ടുപോകുവാൻ ഭാവിക്കുന്നു എന്നു കരുതി വളരെ ഭയപ്പെട്ടുതുടങ്ങി. അവൾക്കു് എന്നെ പുറത്തുപറഞ്ഞയക്കുന്നതിനു സാധിക്കുകയില്ല. എന്നെ പുറത്തു വിടണമെങ്കിൽ അവൾആദ്യം വാതിൽമുറിവിട്ടു അകത്തേക്കുപോകണം. അതിനു അവൾ അത്ര അപരിഷ്കൃതയല്ല. ഞാനൊ എന്നാൽ അവിടം വിട്ടുപോകുകയുമില്ല.

ഇവയൊന്നുകൊണ്ടുകാൎയ്യം നേടുന്നില്ലാഎന്നു കണ്ടപ്പോൾ യാചനാരൂപത്തിൽ'ലെയൊനിയെകണ്ടു സംസാരിക്കുന്നതിനുമുട്ടിന്മേൽപോലും നില്ക്കുന്നതിനു തയ്യാറാണു് എന്നു ഞാൻ പറഞ്ഞു. ഇ

---

* ഈ ദേവലായം വളരെ വിശേഷമായി പണി ചെയ്യിക്കപ്പെട്ടിരുന്നതിനാൽ നാനാഭാഗത്തുനിന്നും ജനങ്ങൾ അതുകാണുവാനായി ഓടിക്കൂടിയിരുന്നു. അതിനാൽ അതു കാണുവാൻ വന്നപ്പോൾ ലെയൊനിയേയും കണ്ടുകളയാം എന്നുതോന്നിയതിനാൽ വന്നതാണോ എന്നാണു് ഈ ചോദ്യത്താൽ മദർ സൂചിപ്പിച്ചതു്.

പ്രകാരമുള്ളസാദ്ധ്യാപേക്ഷ കേട്ടപ്പോൾ അവളുടെ മനസ്സലിഞ്ഞ് "അത്രവിശാലഹൃദയമില്ലാത്തവരാണോ ഞങ്ങൾ? അവൾ സന്ദർശന മുറിയിൽ വരുകയാണെങ്കിൽ അച്ചൻ സമയംപോലെ അവളോടു സംസാരിച്ചുകൊള്ളുക. അല്പം ക്ഷമിക്കണമേ" എന്നു പറഞ്ഞ് സംസാരവാതിൽവിട്ടുകന്യകാധിപഅകത്തേക്കു പോയി.സ്വല്പംകഴിഞ്ഞപ്പോൾ ഒരുകിഴവി,സന്ദർശനമുറിയിൽവന്നുചേൎന്നു. ഇതു് ലെയോനി ആയിരുന്നു എന്നു്ഒരു സംശയംപോലും എനിക്കു് ഉണ്ടായിരുന്നില്ല. എന്നാൽ അവളുടെ പേരു ചോദിച്ചറിഞ്ഞപ്പോൾ എനിക്കുണ്ടായ അത്ഭുതപാരവശ്യം എപ്രകാരമായിരുന്നു എന്നു പറഞ്ഞറിയിക്കുവാൻ എനിക്കു് വഹിയാ. അവൾക്കു് ഇപ്പോൾ ന്ധ൫ വയസ്സു പ്രായം ഉണ്ടു്. അവൾ ശോഷിച്ചവളും ഹ്രസ്വകായയുമാണു്. അവളുടെ മുഖം അശേഷം ആകൎഷണീയമല്ലായിരുന്നു. കഷ്ടാൽ കഷ്ടതരം അവളുടെ മിക്ക പല്ലുകളും അവളോടു പണ്ടേതന്നെ യാത്ര പറഞ്ഞുകഴിഞ്ഞിരുന്നു. ഇതിനേക്കുറിച്ചു ഞാൻ വളരെ ആശ്ചൎയ്യപ്പെട്ടു. ഞാൻ മടങ്ങി ലിസിയിൽ ചെന്നപ്പോൾ സിസ്റ്റർ അഗത്തായോടു പൗളിനും സെലിനും മരിയായിക്കും പല്ലുകൾ ഉണ്ടായിരുന്നോ എന്നായിരുന്നു എൻെറ അദ്യചോദ്യം. അതിനു് അവൾ ഉണ്ടു്. അവക്കു് എല്ലാവൎക്കും പല്ലുകൾ ഉണ്ടു്. അവരുടെ ശാരീരികാകൃതി അറിയണമെങ്കിൽ ശക്തിയേറിയ ഒരു കുഴൽക്കണ്ണാടിയുടെ സഹായം അത്യാവശ്യമാണു്. എന്നുപറഞ്ഞു.

ലെയൊനിക്കു് മൂന്നു വിശേഷഗുണങ്ങൾ ഉണ്ടു്. അവയിൽ പ്രഥമവും പ്രധാനവുമായതു് സ്നേഹവും ആൎദ്രതയും നിറഞ്ഞൊഴുകുന്ന അവളുടെ കറുത്തതും പ്രകാശമേറിയതുമായ കണ്ണുകളായിരുന്നു. രണ്ടാമത്തേതു് ആകൎഷണീയവും മനോഹരവുമായ മന്ദഹാസവും മൂന്നാമത്തേതു് ആദരവോടും മഹിമയോടുംകൂടിയ പ്രവൎത്തനാരീതിയുമായിരുന്നു. ഇതിൽനിന്നും അവളുടെ പിതാവായ മാട്ടിൻ അവളേ"എൻെറ നല്ല ലെയോനി" എന്നുസംബോധന ചെയ്യതിൻെറ സംഗതി വിശദപ്പെടുന്നുണ്ടല്ലോ! അവൾ നന്മയും ദയയും തന്നെയായിരുന്നു എന്നു എനിക്കു് തോന്നിപ്പോയി. അവൾ എൻെറ ആഗ്രഹം നിറവേററുന്നതിനു സദാ തയാറായിരുന്നു. അമേരിക്കയിലെ എൻെറജോലി ഞാൻ സവിസ്തരം അവളെ പറഞ്ഞു കേൾപ്പിച്ചു. അവൾ വളരെ സന്തോഷിച്ചു് ചെറുപുഷ്പസഖ്യം തുടങ്ങിയിട്ടു എത്രനാളായി, അംഗങ്ങളുടെ കടമയെന്താണു്. എന്നും മററുമുള്ള വിവരങ്ങൾ ചോദിച്ചു. അതിനു ഞാൻ-തുടങ്ങിയിട്ടു ൧൮ മാസമേ ആയൊള്ളു. ഏകദേശം രണ്ടുലക്ഷത്തോളംവരുന്ന അംഗങ്ങൾ ഉണ്ടു്" എന്നു പറഞ്ഞതിൻെറശേഷം വ്യാഴാഴ്ചതോറും അവിടെ നടക്കുന്ന ദൈവിക കൎമ്മങ്ങളെ വിസ്തരിച്ചു പറഞ്ഞു കേൾപ്പിച്ചു. തദനന്തരം നമ്മുടെ തിരുശേഷിപ്പുകൾ ഇരിക്കുന്ന അരുളിക്കായുടെ ഒരു പടം ഞാൻ അവൾക്കു കൊടുത്തു. ഇതുകണ്ടപ്പോൾ അവൾക്കു് വളരെ സന്തോഷമായി. പിന്നെ മററു സഹോദരികളാൽ കൈയൊപ്പു വെയ്ക്കപ്പെട്ട ചെറുപുഷ്പ പടത്തേ അവളെ കാണിച്ചുകൊണ്ടു് അവളുടേയും കൈയൊപ്പു വെയ്ക്കണമെന്നാവശ്യപ്പെട്ടു. അതിനു അവൾ സസന്തോഷം സമ്മതിക്കുകയും, മുൻപറഞ്ഞ അഴിയുടെ ഇടയിൽക്കൂടി രൂപം ഞാൻ അവളെ ഏല്പിക്കുകയും ചെയ്തു. അവൾ ഉടനെ അതിൽ കൈയൊപ്പുവെച്ചു മടക്കിത്തന്നു. കൂടെ എനിക്കു് ഒരു തിരുശ്ശേഷിപ്പും സമ്മാനമായി തരുകയും ചെയ്തു.

ചെറുപുഷ്പത്തിൻെറ കൗമാരകാലത്തു ഈ സഹോദരിയും അവളുടെകൂടെ ഉണ്ടായിരുന്നതിനാൽ പരി. കന്യ:മറിയം അവളേനോക്കി പുഞ്ചിരിയിട്ടതു കണ്ടുകാണുമായിരിക്കാം എന്നു കരുതി ഞാൻ അവളോടു്, സിസ്റ്റർ! ചെറു പുഷ്പം അത്ഭുതകരമായി സുഖം പ്രാപിക്കുകയിൽ പരി: കന്യ: മറിയം ചെറു പുഷ്പത്തേനോക്കി പുഞ്ചിരിയിട്ടതു് നിങ്ങൾ കണ്ടില്ലേ?

സി. ഇല്ല: ഞാൻ— നിങ്ങൾ അസമയത്തു മുറിയിൽ ഉണ്ടായിരുന്നില്ലേ?
സി— ഉവ്വ് ഞാൻ ഉണ്ടായിരുന്നു.

ഞാൻ യാതോന്നും കണ്ടില്ല. മരിയാ ചെറുപുഷ്പത്തിൻെറ തലവെച്ചിരുന്നഭാഗത്തു മുട്ടുകുത്തിയിരുന്നതിനാൽ അവൾക്ക് എല്ലാം കാണുവാൻ സാധിച്ചു. ഞാൻ കാലിനരികെയായിരുന്നുമുട്ടുകുത്തിയതു്. എന്നുതന്നെയല്ല പൊടുന്നനവേയുള്ള ഭാവപ്പകർച്ചകണ്ടു് അവൾ മരിക്കുവാൻ പോകുന്നു എന്നുകരുതി ഞാൻ എൻെറ തലയെ കട്ടിൽ വിരിയുടെ ഉള്ളിൽ മറച്ചുകൊണ്ടു് ദുഃഖാധിക്യത്താൽ കരയുകയായിരുന്നു. അവസാനം അവൾ പൂർണ്ണസുഖമായി എഴുന്നേററു വരേയുള്ള സംഭവങ്ങൾ ഒന്നുംതന്നെ ഞാൻ അറിഞ്ഞില്ല.

ഞാൻ— സഹോദരീ! നിങ്ങളുടെ മററു സഹോദരികളിൽനിന്നു പിരിഞ്ഞു ഏകാകിയായിട്ടല്ലെ നിങ്ങൾ ഇവിടെ വസിക്കുന്നതു്. സ– അല്ലദൈവനിശ്ചയപ്രകാരമുള്ള ഒരു സ്ഥലത്താണു് ഞാൻ വസിക്കുന്നതു്. ദൈവതിരുമനസ്സു നിറവേററുന്നതിൽ സംതൃപ്തി എനിക്കില്ലായെങ്കിൽ എൻെറ വിശുദ്ധ സഹോദരിയെ ഞാൻ അനുകരിക്കുകയല്ലല്ലോ ചെയ്യുന്നതു്. സ്വന്തം വീട്ടിൽ നിന്നും മാറിതാമസിക്കുന്നവർ ചിലപ്പോഴെല്ലാം തനിച്ചു ജീവിക്കേണ്ടിവരും. എന്നാൽ എല്ലായ്പ്പോഴും നാം മന്ദഹാസം ചേയ്യേണ്ടിയിരിക്കുന്നു. ഇതിനു ചെറുപുഷ്പം എന്നെ സഹായിക്കുന്നുമുണ്ടു്. ഞാൻ— നിങ്ങൾ കർമ്മലമഠത്തിൽക്കൂടാതെ വിസിറേറഷ്യൻ സഭാംഗമായി തീൎന്നതിൽ സങ്കടം തോന്നുന്നില്ലേ. എൻെറ ഒരു സഹോദരി പുണ്യവതിയാകുകയും അവളുടെപുണ്യം വഴിയായി ആ മഠം കീൎത്തിയുള്ളതാകുകയും, എൻെറ മൂന്നുസഹോദരികൾ ആ മഠത്തിൽതന്നെ ജീവിക്കുകയും ചെയ്യുന്നതിനിടയായാൽ എൻെറ ചെറുപ്പകാലത്തു ആ മഠത്തിൽ ക്രൂടുന്നതിനു ഇടകിട്ടിയില്ലല്ലോ എന്നോൎത്തു ഞാൻ സങ്കടപ്പെട്ടമായിരുന്നു. നിങ്ങൾക്കു് അപ്രകാരം തോന്നുന്നില്ലേ.

സി— അപ്രകാരം ഒരു സങ്കടവും എനിക്കു് തോന്നുന്നില്ല. എൻെറ ദൈവവിളി കർമ്മലമഠത്തിലേക്കല്ല, പിന്നെയോ വിസിറേറ്യഷ്യൻ സഭയിലേക്കായിരുന്നു. ഇപ്രകാരം ദൈവം എനിക്കു് ഇടകൂട്ടിയതിൽ അവിടത്തേക്കു് ഞാൻ ഉപകാരസ്മരണ ചെയ്യുന്നു.

ഞാൻ– ചെറുപുഷ്പംതൻെറസഹോദരിയായ നിങ്ങളുടെമേൽ ധാരാളം അനുഗ്രഹങ്ങളെ പൊഴിക്കുന്നില്ലെ? സി— ധാരാളം എൻെറമേൽ പൊഴിയ്ക്കുന്നുണ്ടു്. ഇതിൻെറശേഷം, എൻെറ സന്ദൎശനത്തിൻെറ നിത്യസ്മാരകമായി ഒരുജ്ഞാനവാചകം- സ്വന്തകൈയ്യക്ഷരത്തിൽ എഴുതിത്തരണമെന്നാവശ്യപ്പെട്ടു. അവൾഉടനടി സമ്മതിച്ചു. എൻെറ ഫൗണ്ടൻ പെൻവാങ്ങി താഴെവരുന്നപ്രകാരം എഴുതി. "ഞാൻ ദിവസംതോറും എൻെറ വിശുദ്ധ സഹോദരിയോടു് അമേരിക്കയിൽ ചെറുപുഷ്പഭക്തിയെ വൎദ്ധിപ്പിക്കുന്നതിനുള്ള അച്ചൻെറപ്രശസ്തജോലിയെ അനുഗ്രഹിക്കുന്നതിനു അപേക്ഷിക്കാം" അതിനടിയിൽ അവളുടെ മഠത്തിലെ പേർ അതായതു "സിസ്റ്റർ ഫ്രാൻസസ് തെരേസ്സ്" എന്നെഴുതി ഒപ്പും വെച്ചു. എന്നാൽ ഞാൻ നിബ്ബന്ധിക്കുകയാൽ അതിനുതാഴെആയി അവളുടെവീട്ടിൽ വിളിക്കുന്നപേർ അതായതു 'മറിയലെയൊനിയെ മാർട്ടിൻ'എന്നുകൂടി അവൾ എഴുതിച്ചേൎത്തു. അതിൻെറശേഷം ഒരു ജ്ഞാനസന്ദേശം ചെറുപുഷ്പ സഭാംഗങ്ങൾക്കായി തന്നയക്കണമെന്നും ആവശ്യപ്പെട്ടു. മററു സഹോദരികളേപ്പോലെ വിസമ്മതം കാണിക്കാതെ "നാംചെറുപുഷ്പത്തിനു ഇഷ്ടമുള്ളവരായിരിക്കണമെങ്കിൽ അവളേപ്പോലെ സൗമ്യവും എളിമയുമുള്ളവരായിരിക്കണം. എളിമയുള്ളവരാകണമെങ്കിൽ 'എളിമയും ശാന്തഗുണവുമുള്ളഈശോയുടെ തിരുഹൃദയമേ! ഞങ്ങളുടെ ഹൃദയത്തെ അങ്ങേ ഹൃദയത്തിനു ഒത്തതാക്കിയരുളേണമേ!' എന്ന ചെറുജപം ദിവസം തോറും പല പ്രാവശ്യം ചൊല്ലണം" എന്നു് എഴുതിതന്നതിൻെറ ശേഷം സ്വസ്തിവചനങ്ങൾ ചൊല്ലി വിരിക്കുള്ളിൽ മറയുകയും ചെയ്തു.

സ്നേഹിതരേ! ചെറുപുഷ്പ സഹോദരിയുടെ ഈ സന്ദേശം നമ്മുടെ ഗാഢമായ പൎയ്യാലോചനയ്ക്കു് വിഷയീഭവിക്കേണ്ടതാണു്. അതിനെ സശ്രദ്ധം

അനുസരിക്കണം. പ്രസ്തുത സുകൃതജപം അടിക്കടി ഉപയോഗിക്കുന്നെങ്കിൽ നാം ഒരിക്കലും നിഗളികളൊ ഗർവ്വിഷ്ഠരൊ ആയിരിക്കുകയില്ല.

ഇപ്രകാരം നാലുസഹോദരികളോടും സംസാരിക്കുന്നതിനു ഇടയാക്കിയ ചെറുപുഷ്പത്തോട് ഉപകാരസ്മരണയും ചെയ്തു സസന്തോഷം ആ മഠം വിട്ടു. അടുത്ത തവണ ചെറുപുഷ്പത്തിന്റെ സഹോദരപുത്രിയും കൂട്ടുകാരത്തിയും ഇപ്പോൾ ജീവിച്ചിരിക്കുന്നവളുമായ 'ഗൊറിനെ' കണ്ട അതി രസകരമായ വൃത്താന്തം അറിയിച്ചു തരാം.

(തുടരും.)

# പരേതനായ ക. നി. മൂ. സ. ബ. വലിയ ചാക്കോച്ചൻ അവർകൾ.

കേരളീയ കർമ്മലീത്താ സഭയിലെ ഏററം പ്രായാധിക്യമുള്ള അംഗമാ ഈ വന്ദ്യവയോധികൻ മേയ് ൧൨—ാം തീയതി ഞായറാഴ്ച ഒൻപതുമണിക്ക് ചെത്തിപ്പുഴ ആശ്രമത്തിൽവച്ചു തൊണ്ണൂറാമത്തെ വയസ്സിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ഒരു മാസക്കാലമായി വാൎദ്ധക്യം നിമിത്തമുള്ള അസ്വാസ്ഥ്യം വൎദ്ധിച്ചുവരികയാൽ ഇദ്ദേഹം രോഗശയ്യയെ അവലംബിച്ചിരിക്കയായിരുന്നു. അന്ത്യയാത്രയ്ക്കായി അദ്ദേഹം അത്യന്തമാഗ്രഹത്തോടെ ഒരുങ്ങുകയും, ശിഷ്യഗണങ്ങൾ, ബന്ധുമിത്രങ്ങൾ, ആദിയായി അദ്ദേഹത്തെ സന്ദൎശിച്ചിരുന്ന എല്ലാവൎക്കും യഥായോഗ്യം ഉപദേശങ്ങൾ കൊടുത്തു ആശീൎവ്വദിച്ചു അയക്കയും ചെയ്തുവന്നു. നി. വ. ദിവ്യശ്രീ കാളാച്ചേരി മാർ ജെയിംസു മെത്രാനച്ചൻ, മോൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കൽ ആദിയായവർ പലപ്രാവശ്യം ഇദ്ദേഹത്തെ സന്ദൎശിക്കയുണ്ടായി. ക. നി. മൂ. സ. പെ. ബ. പ്രിയോർജനറാളച്ചൻ അവർകളും മിക്ക ആശ്രമങ്ങളുടെയും ശ്രേഷ്ഠന്മാരും ഈ വന്ദ്യകാരണവരെ ചെന്നു കണ്ടു അന്ത്യയാത്രപറഞ്ഞു. ദീൎഘകാലം തൃശ്ശിവപേരൂർ പട്ടണത്തിൽ ഇദ്ദേഹം ചെയ്തിട്ടുള്ള അപ്പസ്തോലിക വേലകളേ അനുസ്മരിച്ചു ശ്രീമാൻ അന്തപ്പായി ബി. ഏ. അവർകളുടെ ആവശ്യാനുസരണം അദ്ദേഹത്തിന്റെ ചെലവിന്മേൽ തന്നെ രോഗശയ്യയിൽ വച്ചു ഒരു ഫോട്ടോ എടുപ്പിക്കയും ഉണ്ടായി. ഒടുവിൽ, ഒരാഴ്ചയ്ക്കുമുമ്പായി രോഗം മൂൎദ്ധന്യത്തെ പ്രാപിക്കയും സുബോധത്തോടേ അദ്ദേഹം അന്ത്യകൂദാശകളെല്ലാം കൈക്കൊള്ളുകയും ചെയ്തു. ഞായറാഴ്ചകാലത്തെമുതൽ അവസാന ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടു. രോഗശയ്യയോടു സമീപിച്ച കപ്പേളയിൽ അദ്ദേഹത്തിനുവേണ്ടി ദിവ്യപൂജ അൎപ്പിച്ചുകൊണ്ടിരിക്കയിൽ സ്വസഹോദരങ്ങളുടെയും ബന്ധുമിത്രാദികളുടെയും മദ്ധ്യേ ആ നിൎമ്മല ആത്മാവിനെ സ്രഷ്ടാവിന്റെ കരങ്ങളിൽ കയ്യാളിക്കയാണുണ്ടായതു്.

പരേതനായ ഈ വന്ദ്യദേഹം നെടുംകുന്നം ഇടവകയിൽ പ്രസിദ്ധമായ പാലാക്കുന്നു കുടുംബത്തിൽ ൧൦൨൦ കൎക്കടകം ൨൦—ാംനു-യാണ് ജനിച്ചതു്. അക്കാലത്തു മാന്നാനത്തേ കേരളീയ കൎമ്മലീത്താ സഭയുടെ പൂൎവ്വപിതാക്കന്മാരുടെ കീൎത്തി നാടെങ്ങും പരന്നിരുന്നു. തന്റെ അടുത്ത ചാൎച്ചക്കാരായിരുന്ന പെ. ബ. ചാവറ കുര്യാക്കോസ് ഏലിയാച്ചനും, വല്യാറയാക്കോബച്ചനും ചില ആവശ്യങ്ങൾ പ്രമാണിച്ചു ഒരിക്കൽ പാലാക്കുന്നേൽ ചെന്നതിനോടേ സന്യാസത്തിൽ ചേരുന്നതിനുള്ള ആഗ്രഹം നമ്മുടെ ബാലകനിൽ പ്രബലപ്പെടുകയും പല പ്രതിബന്ധങ്ങളെ ജയിച്ചു ൧൦൩൭—ൽ മാന്നാനത്തു വന്നു ചേരുകയുമാണുണ്ടായതു. അവിടെ രണ്ടു വൎഷം യോഗാൎത്ഥി ജീവിതം നയിച്ചു ശേഷം ക്രൂനമ്മാവു നവസന്യാസാശ്രമത്തിലേക്കയക്കപ്പെടുകയും അവിടെ വച്ചു ൧൦൩൯ കന്നി ൨൮—ാം തീയതി ഷഷ്ഠോനപ്പട്ടമേല്ക്കുകയും ൧൦൪൦ മേടം

ൻ—ാംതു നിത്യവ്രതങ്ങൾ അനുഷ്ഠിക്കയും ചെയ്തു. അനന്തരം വാഴക്കുളം കർമ്മല ആശ്രമത്തിൽ ഒന്നുരണ്ടു സംവത്സരം ജോലിചെയ്തശേഷം എൽത്തുരുത്തു ആശ്രമത്തിലേക്കു മാററപ്പെട്ടു. പത്തുവർഷത്തോളം അവിടെ താമസിച്ചതിനിടയ്ക്കു സെമ്മിനാരി മല്പാനായും ഒരു പ്രസിദ്ധ പ്രാസംഗികനായും റോക്കോസ് ശീശ്മസംബന്ധിച്ച അദുർഘടഘട്ടത്തിൽ പല സ്തുത്യർഹമായ അപ്പസ്തോലിക ജോലികൾ നടത്തി. ചെത്തിപ്പുഴ, മുത്തോലി, പുളിംകുന്നു എന്ന ആശ്രമങ്ങളുടെ പ്രിയോരായും അദ്ദേഹം ശ്രേയസ്കരമായി ജോലിനോക്കിയിട്ടുണ്ട്. ഇദ്ദേഹത്തിൻെറ വിവിധ സുകൃതാലങ്കാരങ്ങളുടെ കൂട്ടത്തിൽ ശിശുതുല്യമായ നിഷ്കപടതയും, മാധുര്യസ്വഭാവവും ഒരിക്കൽ അദ്ദേഹവുമായി പരിചയപ്പെടാൻ ഇടയായിട്ടുള്ളവരെയെല്ലാം അദ്ദേഹത്തിലേക്കു ആകർഷിച്ചിരുന്നു. ആത്മരക്ഷാർത്ഥം ജോലിചെയ്യുന്നവർക്കു ഇതുപോലെ ഒഴിച്ചുകൂടാത്ത ഗുണങ്ങൾ വേറേയില്ലെന്നു തൻെറ ശിഷ്യഗണങ്ങളോടും സഹോദര വൃന്ദങ്ങളോടും സ്ഥാനത്തിലും അസ്ഥാനത്തിലും അദ്ദേഹം ഉപദേശിച്ചിരുന്നു. രോഗശയ്യയിലും ഈ ഗുണങ്ങൾ സവിശേഷം പ്രത്യക്ഷപ്പെട്ടുകതന്നെ ചെയ്തു.

ഇദ്ദേഹത്തിൻെറ സഹോദരിയും, കാഞ്ഞിരപ്പള്ളി കരിപ്പാപ്പറമ്പിൽ മി. ഡോമ്നിക്കു വക്കീൽ മുതൽപേരുടെ മാതാവും ഇദ്ദേഹത്തേക്കാൾ രണ്ടുവയസ്സു പ്രായക്കൂടുതലുള്ളവളുമായ ശ്രീമതി അക്കാമ്മ ഇദ്ദേഹത്തിൻെറ മരണത്തിനു രണ്ടുദിവസം മുമ്പാണു് ഭാഗ്യമരണം പ്രാപിച്ചതു. ക. നി. മൂ. സ. പെ. ബ. അംബ്രോസീസച്ചൻ, ബ. അപ്രേമച്ചൻ, ലൂയീസച്ചൻ, യോഹന്നാനച്ചൻ, വില്യമച്ചൻ മുതലായി പലരും അദ്ദേഹത്തിൻെറ അടുത്ത ചാർച്ചക്കാരാണു്. ഇതുകൂടാതെ നേരേ അനന്തിരവരായി മൂന്നുശമ്മാശന്മാരും രണ്ടു യോഗാർത്ഥികളും ഇപ്പോൾ സഭയിലുണ്ടു്.

ശവസംസ്കാരം തിങ്കളാഴ്ച ഉച്ചകഴിഞ്ഞു മെത്രാനച്ചൻ തിരുമനസ്സിലേയും ഒട്ടേറെ വൈദികരുടെയും നിരവധി ജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു. ഇദ്ദേഹത്തിൻെറ ആത്മാനുകൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം. R. I. P.

---

## ൧൧൦൪ മിഥുനമാസത്തിലെ തിരുഹൃദയ സഭക്കാരുടെ

# പൊതുനിയോഗം.

### തിരുഹൃദയനിന്ദാ പരിഹാരം.

സ്നേഹം, പ്രതിസ്നേഹത്താൽ മാത്രമേ തൃപ്തിപ്പെട്ടുകയുള്ളു. ഈശോയുടെ തിരുഹൃദയം മനുഷ്യവർഗ്ഗത്തെ സ്നേഹിച്ച ആ സ്നേഹം എത്ര അളവററതാണെന്നു ഊഹിപ്പാൻപോലും മനുഷ്യനു സാദ്ധ്യമല്ല. അവസാനത്തോളം അവരെ സ്നേഹിച്ചു എന്നാണു സ്നേഹത്തിൻെറ ശ്ലീഹായായവി. യോഹന്നാൻ എഴുതിയിരിക്കുന്നതു്. അതായതു, ഇതിൽ കൂടുതലായി ഇനി സ്നേഹിക്കാൻപാടില്ല എന്നുള്ള നിലയിൽ താൻ നമ്മെ സ്നേഹിച്ചു. സ്നേഹിതൻ തൻെറ സ്നേഹിതനുവേണ്ടി ജീവനെ കൊടുക്കുന്നതിനേക്കാൾ വലുതായ സ്നേഹം ഉണ്ടാകാൻ പാടില്ല എന്നു ദിവ്യരക്ഷകൻ തന്നെ അരുളിച്ചെയ്തിട്ടുണ്ടു്. ഇപ്രകാരമുള്ള സ്നേഹമാണു അനന്തസ്നേഹമായിരിക്കുന്ന ദിവ്യഈശോ നമ്മോടു അക്ഷരാർത്ഥത്തിൽ കാണിച്ചിട്ടുള്ളതു്. എന്നാൽ ഇതിനെല്ലാത്തിനും തനിക്കു കിട്ടുന്ന പ്രതിസ്നേഹം എന്താണു്? ഇതാ താൻതന്നെ മറിയം മർഗ്ഗരീത്താ അൽക്കോക്കുപുണ്യവതിയോടു അരുളിച്ചെയ്യുന്നു: മക്കളെ ഇതാ മനുഷ്യ

വർഗ്ഗത്തെ അത്യന്തവിധമായി സ്നേഹിച്ച ഹൃദയം. എന്നാൽ ഈ സ്നേഹത്തിനു പ്രതിസ്നേഹമായി നന്ദികേടും അലക്ഷ്യവുമല്ലാതെ യാതൊന്നും എനിക്കു ലഭിക്കുന്നില്ല. ഈ നന്ദിഹീനതകൾക്കെല്ലാം നീ പരിഹാരം ചെയ്കയും, മററുള്ളവരെക്കൊണ്ടും പരിഹാരം ചെയ്യിക്കയും ചെയ്യണമെന്നത്രെ എന്റെ ആഗ്രഹം." ഇതാകുന്നു തിരുഹൃദയഭക്തിയുടെ ആരംഭം. ഇതാകുന്നു തിരുഹൃദയ ഭക്തിയുടെ ഉദ്ദേശം. ഇപ്രകാരമുള്ള നിന്ദാപരിഹാരത്തിനായിട്ടു ദിവ്യരക്ഷകൻതന്നെ ആജ്ഞാപിച്ചതനുസരിച്ചാണ ദിവ്യകാരുണ്യത്തിരുനാളിന്റെ എട്ടാമിടം കഴിഞ്ഞുവരുന്ന വെള്ളിയാഴ്ച തിരുഹൃദയത്തിരുനാൾ കൊണ്ടാടി വരുന്നതു്. മനുഷ്യനന്ദിഹീനതകൾ നിമിത്തം വ്യാകുലപ്പെടുന്ന ഈ പരിശുദ്ധ ഹൃദയത്തെ ആശ്വസിപ്പിക്കുന്നതിലേക്കുള്ള ദിവ്യരക്ഷകന്റെ ഈ ക്ഷണിവും, തിരുഹൃദയഭക്തന്മാർക്കു താൻ പറഞ്ഞൊത്തിരിക്കുന്ന അത്ഭുതകരമായ മനോഗുണങ്ങളുടെ ആധിക്യവും നിമിത്തം സത്യവിശ്വാസികൾ ഏകമനസ്സോടേ ഈ ഭക്തിയിൽ അഭ്യസിച്ചു വരുന്നു. തിരുഹൃദയഭക്തിക്കും തിരുഹൃദയ സഭക്കും ലോകത്തിൽ സിദ്ധിച്ചു വരുന്ന പ്രചാരം ആശ്ചര്യജനകമായിരിക്കുന്നു. മാസാദ്യ വെള്ളിയാഴ്ചകളിൽ മാത്രമല്ല പ്രതിദിനമുള്ള ദിവ്യകാരുണ്യ സ്വീകരണത്താലും മററു ക്രിസ്തീയ സുകൃതാഭ്യാസങ്ങളാലും ദിവ്യ ഈശോയെ ആശ്വസിപ്പിക്കുന്നതിനും പ്രസാദിപ്പിക്കുന്നതിനുംവിശ്വാസികൾസർവ്വത്രശ്രമിച്ചു വരുന്നു.അതിനാൽ ഈമാസത്തിൽ ഈ ഭക്തിയിൽ പൂർവ്വാധികം അഭ്യസിക്കുന്നതിനു ശ്രമിക്കയും അതിനുവേണ്ടി പ്രാർത്ഥിക്കയും ചെയ്യണമെന്നാണു് പരിശുദ്ധപിതാവു അഗ്രഹിക്കുന്നതു്.



ജൂലൈമാസം- "മുഴുവൻധ്യാനങ്ങളുടെ പ്രചാരം"

# ക: നാഥയുടെ കുഞ്ഞുമക്കൾക്ക്.

## I. വി. യോഹന്നാൻ ബർക്കുമാൻസ്.

### 6. അന്തസ്സ് തിരഞ്ഞെടുത്തു.

പ്രിയ. കുഞ്ഞുങ്ങളേ.

സന്യാസസഭയിൽ ചേരുന്നതിനുള്ള നമ്മുടെ പുണ്യബാലന്റെ ആഗ്രഹം വർദ്ധിച്ചുതന്നെ വന്നു. ദൈവതിരുമനസ്സു നിശ്ചയമായി അറിവാൻ വേണ്ടി പല ശ്രമങ്ങൾ പുണ്യവാൻ ചെയ്തു. ഞായറാഴ്ചകളിലും തിരുനാളുകളിലുമുള്ള ദിവ്യകാരുണ്യസ്വീകരണങ്ങൾ ഈ നിയോഗത്തോടു കൂടെ പൂർവ്വാധികം താല്പര്യമായി കഴിച്ചു. ഇതുകൂടാതെ പതിവിൽക്കവിഞ്ഞു എല്ലാ വ്യാഴാഴ്ചയും കുർബാന കൈക്കൊണ്ടുതുടങ്ങി. ആത്മപിതാവുമായി പലപ്പോഴും സർവ്വപ്രധാനമായ ഈ കാര്യം സംബന്ധിച്ചു ആലോചിച്ചുവന്നു. പത്തിരുപതു രൂപയോടടുത്തു ഒരു ചെറിയ സമ്പാദ്യം യോഹന്നാന്റെ കൈവശമുണ്ടായിരുന്നു. അതിൽ മൂന്നിലൊരു ഭാഗം ഭിക്ഷക്കാർക്കായി ദാനം ചെയ്തു. മററു രണ്ടുഭാഗംകൊണ്ടു രണ്ടു പ്രധാന ദേവാലയങ്ങളിൽ ദൈവജനനിയുടെ പീഠത്തിന്മേൽ ദിവ്യപൂജകൾ അർപ്പിച്ചു. പലരെക്കൊണ്ടും പ്രാർത്ഥനകൾ ന

ടത്തി. ദൈവവിളി സംബന്ധമായ പുസ്തകങ്ങൾ വായിച്ചു നോക്കി. ഇങ്ങനെ പാട്ടുള്ള ശ്രമങ്ങളെല്ലാം ചെയ്തുകൊണ്ടു ദൈവതിരുമനസ്സറിയുവാൻ കാത്തിരുന്നു. ഒടുവിൽ ഈശോ സഭയിൽ പ്രവേശിക്കുന്നതിനു തീർച്ചപ്പെടുത്തുകയും ചെയ്തു. ആരെല്ലാം ശ്രമിച്ചിട്ടും പിന്നീടു ആ നിശ്ചയത്തിൽ നിന്നു നമ്മുടെ ബാലകനെ മാററാൻ സാധിച്ചില്ല.

മാതാപിതാക്കന്മാൎക്കു ഇതു സംബന്ധിച്ചു എഴുതിയ ദീൎഘമായ ഒരു കത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:- മൂന്നാലുമാസമായി നമ്മുടെ കൎത്താവു എന്റെ ഹൃദയവാതുക്കൽ തെളിവായി മുട്ടിക്കൊണ്ടിരിക്കയായിരുന്നു. എന്നാൽ ഞാൻ തുറന്നുകൊടുത്തില്ല. എങ്കിലും എല്ലാനേരവും- പഠനനേരത്തും, കളിസമയത്തും, നടക്കാൻപോകുമ്പോഴും, എന്നുവേണ്ട എല്ലാ അവസരങ്ങളിലും അന്തസ്സു തിരഞ്ഞെടുക്കേണ്ട ഈ കാൎയ്യം എന്റെ ബോധത്തിൽ കടന്നുവന്നു. അതിനാൽ ഒട്ടേറെ ദിവ്യകാരുണ്യ സ്വീകരണങ്ങളുടെയും സുകൃതകൃത്യങ്ങളുടെയും ശേഷം, സന്യാസത്തിൽ പ്രവേശിച്ചു ദൈവത്തിനു ശുശ്രൂഷചെയ്തുകൊള്ളാമെന്നു, ദൈവസഹായത്താൽ ഞാൻ ഒരു പറഞ്ഞൊപ്പു ചെയ്തു.

ലോകത്തിൽ എല്ലാ തരക്കാരായ മനുഷ്യരുടെയിടയിലുള്ള നിൎഭാഗ്യവും ആപത്തുകളും, ഭയങ്കരപാപങ്ങളും ഓൎത്തു നോക്കിയാൽ ആരാണു ഭയപ്പെടാത്തതു്? നേരേ മറിച്ചു സന്യാസജീവിതത്തിലുള്ള ക്രമമായ ആ ജീവിതവും, എളിമ, ദൈവസ്നേഹം, പരസ്നേഹം ആദിയായ പുണ്യങ്ങളും വിചാരിച്ചാൽആരാണു അതിൽ പ്രവേശിച്ചു വ്രതങ്ങൾ അനുഷ്ഠിക്കാതിരിക്കുന്നതു്?

തങ്ങൾ സ്നേഹിച്ചു വളൎത്തിവരുന്ന കുഞ്ഞുങ്ങളെ വിട്ടുപിരിയുന്നതു് മാതാപിതാക്കന്മാൎക്കും സ്നേഹിതന്മാൎക്കും വിഷമമുള്ളകാൎയ്യമാണു, ശരിതന്നെ. എന്നാൽ ദൈവം അവരെ തന്റെ പക്കലേക്കു വിളിച്ചുകളുകയാണെങ്കിൽ അവൻ എന്തു ചെയ്യും. പിന്നെ ഞാൻ ചിലപ്പോൾ ഇങ്ങനെ വിചാരിച്ചുനോക്കും. എന്റെ മുമ്പിൽ ഒരു വശത്തു എന്റെ അപ്പനും അമ്മയും സഹോദരിയും, മറുവശത്തു നമ്മുടെ ദൈവമായ കൎത്താവും- എന്റെയും അമ്മയായ തന്റെ പരിശുദ്ധ ജനനിയും നിന്നുകൊണ്ടു, മാതാപിതാക്കന്മാർ “പ്രിയ മകനെ, നിനക്കുവേണ്ടി ഞങ്ങൾ അനുഭവിച്ചിട്ടുള്ള വേദനകളും കഷ്ടപ്പാടുകളും ഓൎത്തു ഞങ്ങളുടെ പുറകേ വരിക” എന്നു പറകയും, മറുവശത്തുനിന്നു നമ്മുടെ കൎത്താവു “മകനെ, നിനക്കുവേണ്ടിയാണു ഞാൻ മാനുഷനായിപ്പിറന്നതും, ചമ്മട്ടികളാൽ അടിക്കപ്പെട്ടതും, മുൾമുടി ധരിപ്പിക്കപ്പെട്ടതും, കുരിശിന്മേൽ തറയ്ക്കപ്പെട്ടതും. എന്റെ അഞ്ചു മുറിവുകളെ നീ നോക്കുക, നിനക്കുവേണ്ടിയല്ലയോ ഞാൻ ഈ മുറിവുകളേററതു്? എന്റെ പരിശുദ്ധ ശരീരംകൊണ്ടു നിന്റെ ആത്മാവിനെ തീററുകയും, എന്റെ ആരാധനയ്ക്കു യോഗ്യമായ തിരുരക്തം അതിനെ കുടിപ്പിക്കയും ചെയ്തില്ലേ? നിന്റെ ഭാഗത്തുനിന്നു നീ നന്ദികെട്ടവനായിരിക്കുമോ?” എന്നു അരുളിച്ചെയ്കയും ചെയ്കയാണെങ്കിൽ ഞാൻ എന്തു ചെയ്യും. നിവൃത്തിയുണ്ടെങ്കിൽ ഞാൻ തൽക്ഷണം പറന്നു സന്യാസത്തിലേക്കു പോകുമായിരുന്നു.

ധൃതിപ്പെടാതെ, ഡിഗ്രി എടുത്തു കഴിഞ്ഞിട്ടു മതിയല്ലൊ. എന്നു നിങ്ങൾ പറയുമായിരിക്കും. ഒരു ഭിക്ഷക്കാരൻ നിങ്ങളുടെ വാതിൽക്കൽവന്നു ഭിക്ഷയിരക്കുകയിൽ നിങ്ങൾ അവനു ധൎമ്മം കൊടുക്കാനെടുക്കുന്നതു കാണുമ്പോൾ ‘വരട്ടെ, ഞാൻ ഒന്നോ രണ്ടോ കൊല്ലം കഴിഞ്ഞുവന്നു വാങ്ങിക്കൊള്ളാം’ എന്നു പറഞ്ഞു പോകയാണെങ്കിൽ അവൻ ബുദ്ധിയില്ലാത്തൊരു മടയനാണെന്നല്ലാതെ നാം പറയുമോ? സൎവ്വശക്തനായ ദൈവത്തിന്റെ മുമ്പാകെ നാമെല്ലാവരും ഭിക്ഷക്കാരല്ലയോ? വളരെ നാളത്തെ അപേക്ഷകളുടെ ഫലമായി തന്റെ വിലയേറിയ ഒരു നിക്ഷേപം — സന്യാസത്തിലേക്കുള്ള വിളിപ്പു — ഇനിയ്ക്കു തരാമെന്നു വച്ചപ്പോൾ, ഞാൻ അതിനെ നിരസിച്ചുകൊണ്ടു പോകാമോ? രണ്ടുവൎഷം കഴിയുമ്പോൾ എനിക്കിതു തരുമോ എന്നാരറിയുന്നു. എന്നല്ല, നി

ന്നെ ഞാൻ അറിയുന്നില്ല എന്നും പറഞ്ഞു തള്ളിക്കളകയില്ലയോ എന്നു ഭയപ്പെടണം. അങ്ങനെ വന്നാൽ അതു എന്തു നിർഭാഗ്യമായിരിക്കും?

അതിനാൽ സന്ന്യാസസഭയിൽ തനിയ്ക്കുവേണ്ടി യുദ്ധം ചെയ്യാനായി ഈശോമ്ശിഹാക്കു എന്നെ മുഴുവൻ ഞാൻ കയ്യാളിക്കുന്നു. മ്ശിഹായോടു എതിർക്കുന്നതിനുള്ള ന്യായരഹിതമായ വിചാരം നിങ്ങൾക്കുണ്ടാകയില്ലെന്നു ഞാൻ ശരണപ്പെടുന്നു. എജിപ്തുകാർ അവരുടെ ദൈവമായി കരുതിയിരുന്ന ചീങ്കണ്ണികൾക്കു തങ്ങളുടെ കുഞ്ഞുങ്ങളെ സമർപ്പിക്കുകയും, ആ ജന്തുക്കൾ ശിശുക്കളെ കടിച്ചു കീറുകയിൽ അവർ ആർപ്പു വിളിച്ചു സന്തോഷിക്കുകയും ചെയ്തിരുന്നതായി ചരിത്രത്തിൽ ഞാൻ വായിച്ചിട്ടുണ്ട്. അതുപോലെ, ദൈവം നിങ്ങൾക്കു തന്ന ഒരു പുത്രനെ ങ്ങങ്ങേക്കു തന്നെ ഭാഗ്യം കിട്ടിയതിനെക്കുറിച്ചു സന്തോഷിക്കുക. എന്റെ ജീവിതാവസാനംവരെയുള്ള നിലനില്പും, എന്റെ സ്നേഹമാതാപിതാക്കന്മാരായ നിങ്ങൾക്കും എനിക്കും നിത്യഭാഗ്യവും കർത്താവു തന്നരുളുന്നതിനായി നിങ്ങളുടെ വിലയേറിയ പ്രാർത്ഥനകൾക്കു എന്നെ ഞാൻ ഭരമേല്പിച്ചു കൊള്ളുന്നു."



കുടക്കച്ചിറ ൲൱൫, ൲൱൬, ൲൱൭ ബാലസംഘങ്ങൾ.

## II. ഈമാസത്തെ മദ്ധ്യസ്ഥ— രാജ്ഞിയും മഠാധിപയുമായ എതൽറെഡാ.

(തിരുനാൾ ജൂൺ 23—ാം നു- ഞായറാഴ്ച)

കന്യകയായി ജീവിപ്പാൻ അഗ്രഹിച്ചിരുന്ന ഈ പുണ്യവതിയെ മാതാപിതാക്കന്മാർ നിർബന്ധിച്ചു ഒരു രാജകുമാരനു വിവാഹം ചെയ്തു കൊടുത്തു. മൂന്നു കൊല്ലം കന്യകയായിട്ടു തന്നെ അദ്ദേഹത്തോടുകൂടെ താമസിക്കുകയും അനന്തരം അദ്ദേഹത്തിന്റെ മരണശേഷം ഏകാന്തജീവിതത്തിനു തീർച്ചപ്പെടുത്തുകയും ചെയ്തു. നോർത്തംബ്രിയാ രാജാവിന്റെ നിർബന്ധത്താൽ അദ്ദേഹത്തിന്റെ ഭാര്യാപദം സ്വീകരിക്കേണ്ടിവന്നു. പന്ത്രണ്ടുകൊല്ലം പുണ്യകീർത്തിയോടെ അവിടെയും താമസിച്ചശേഷം, ഭർത്താവിന്റെ സമ്മതത്തോടുകൂടെ ഒരു തുരുത്തിലേക്കു പിന്മാറി അവിടെ ഒരു കന്യകാമഠം സ്ഥാപിച്ചു അതിന്റെ ശ്രേ

ഷ്ടത്തിയായി തപസ്സിലും പ്രായശ്ചിത്തത്തിലും കാലം കഴിച്ചു. പാപത്താൽ ദൈവത്തെ ഉപദ്രവിക്കുന്നതിനു മുമ്പു മരിപ്പാൻ ഇടയാകണമെന്നു ഈ അത്ഭുതകന്യകയോടു അപേക്ഷിക്കുക.

## III. കെ. സി. സി. ഏ. ഡയറി.

ഏപ്രിൽമാസത്തെ മത്സരമനുസരിച്ചു യോഗാരംഭകീർത്തനവും യോഗാവസാനകീർത്തനവും മനപ്പാഠം പഠിച്ചു പേരു അയച്ചിട്ടുള്ളവരിൽ എളങ്ങോയി ൩൩-ാംനമ്പർ സംഘത്തിൻെറ സെക്രട്ടറി പൂനാട്ടു വർക്കിഅവർകൾക്കും ടി. സംഘത്തിലെ തന്നെ ദേവസ്യാവർക്കിഅവർകൾക്കും സമ്മാനം ലഭിച്ചിരിക്കുന്നു. ബാലികാസംഘങ്ങളിൽ നിന്നു ഇത്തവണ ആരുടെയും പേരു കിട്ടിയിട്ടില്ല.

* * *

മേമാസത്തേതു അമ്പത്തുമൂന്നുമണിജപം കാണാപ്പാഠം പഠിച്ചിട്ടുള്ള സംഘാംഗങ്ങളുടെ പേരുകൾ എഴുതി അയപ്പാനാണെന്നു ഓർമ്മിക്കുമല്ലോ. ഒൻപതു മാസാദ്യവെള്ളിയാഴ്ചകൾ അടുപ്പിച്ചു ദിവ്യകാരുണ്യസ്വീകരണം നടത്തിയിട്ടുള്ളവരുടെ പേരുകളാണു ജൂൺമാസത്തെ മത്സരത്തിനുള്ളതു്. ഇതേവരെഈ ഭക്തകൃത്യം തികച്ചിട്ടില്ലാത്തവർ ഈ മാസം മുതൽ അതു ആരംഭിക്കണം. മത്സരത്തിൽ കുഞ്ഞുമക്കൾ കൂടുതൽ ഉത്സാഹം പ്രദർശിപ്പിച്ചു കാണ്മാൻ ആഗ്രഹിക്കുന്നു.

നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ

## വർത്തമാനസംഗ്രഹം.

കേരളീയ കത്തോലിക്ക കോൺഗ്രസ്സും ദിവ്യകാരുണ്യ മഹാസഭയും മേ ൩, ൭, ൮, എന്നതീയതികളിൽ അതിരമ്പുഴവച്ചു ആഘോഷപൂർവ്വം കൊണ്ടാടിയിരിക്കുന്നു.

സമ്മേളനപ്പന്തലും അലങ്കാര വിശേഷങ്ങളും സകലരുടെയും പ്രശംസയ്ക്കു പാത്രീഭവിച്ചു. വലിയപള്ളിമുററത്തുനിന്നു ചെറിയപള്ളിയുടെ മുൻവശത്തുള്ള മൈതാനത്തിനു മുകളിൽകൂടി ഏകദേശം ഒരുഫർലോങ്ങുനീളത്തിൽ, ദിവ്യകാരുണ്യപ്രദക്ഷിണത്തിനായി തീർത്തിരുന്ന പാലം കാണികളെ അത്ഭുതപരതന്ത്രരാക്കി. ൩-ാംനു- തിങ്കളാഴ്ച പത്തുമണിയോടുകൂടെ അദ്ധ്യക്ഷൻ റൈററ് റവ. ഡോക്ടർ ജെയിംസു കാളാച്ചേരി തിരുമേനിയെ ആഘോഷപൂർവ്വം സമ്മേളനപന്തലിലേക്കു എതിരേററ് ഈശപ്രാർത്ഥനയോടുകൂടെ യോഗ നടപടികൾ ആരംഭിച്ചു.

സ്വീകരണസംഘാദ്ധ്യക്ഷൻ കുളംകുത്തിയിൽ പെ. ബ. ദേവസ്യാച്ചൻ അവർകളുടെ സ്വാഗതപ്രസംഗശേഷം മെത്രാനച്ചൻ തിരുമനസ്സുകൊണ്ടുഅദ്ധ്യക്ഷപ്രസംഗംനടത്തി. അനന്തരം വിഷയനിർണ്ണയക്കമ്മിററിയെതിരഞ്ഞെടുത്ത ശേഷംയോഗം പിരിഞ്ഞു.

നാലുമണിക്കു അരംഭിച്ച വിഷയനിർണ്ണയക്കമ്മിററിയോഗം രാത്രിമുഴുവൻ തുടരുകയും, ശക്തിമത്തായ വാദപ്രതിവാദസമേതം പ്രമേയങ്ങൾ രൂപവൽക്കരിച്ചശേഷം ചൊവ്വാഴ്ചകാലത്തു ൬ മണിയോടെ പിരിയുകയും ചെയ്തു.

ചൊവ്വാഴ്ച ഒൻപതു മണിയോടെ റവ. ഡോക്ടർ ജോസഫ് പഞ്ഞിക്കാരൻ എം. ഏ. അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുയോഗം ആരംഭിച്ചു പ്രമേയങ്ങൾ പാസ്സാക്കാൻ തുടങ്ങി.

"കോൺഗ്രസ്സിനെ ഒരു സ്വതന്ത്രമായ സ്ഥിരസ്ഥാപനമാക്കണമെന്നും, തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും അതിനു ഓരോ ശാഖാസ്ഥാപനങ്ങൾ ഉണ്ടാകണമെന്നും" ഉള്ളമീനാട്ടൂർ ജോസഫ് എം.ഏ.ബി.എൽ. അവർകളുടെപ്രമേയം സംബന്ധിച്ചു പ്രക്ഷോഭമായ വാദം നടന്നു. കാലത്തെയോഗംകൊണ്ടു ഈ വാദം അവസാനിക്കായ്കയാൽ ഉച്ചകഴിഞ്ഞും ഇതേപ്പററി വാദം തുടന്നു. ഒടുവിൽ പ്രമേയം വോട്ടിനിട്ടതിൽ ഒരു വലിയ ഭൂരിപക്ഷം എതിർക്കയാൽ അതു തള്ളപ്പെട്ടുപോയി.

ചൊവ്വാഴ്ച വൈകുന്നേരം കോ

ൺഗ്രസ്സുസമ്മേളനം കഴിഞ്ഞയുടനെ കോൺഗ്രസ്സ് പന്തലിൽവച്ചു ഡോക്ടർ ജെയിംസു കാളാച്ചേരിതിരുമനസ്സുകൊണ്ടു ദിവ്യകാരുണ്യ കോൺഗ്രസ്സിൻെറ ഉൽഘാടനം നിവ്വഹിക്കയും മോൺസിഞ്ഞോർ അൻറനി പുതുശ്ശേരി അവർകൾ ഒരു പ്രസംഗം ചെയ്കയും ചെയ്തു. അനന്തരം ഘോഷയാത്രയായിച്ചെന്നു തിരുസിംഹാസനക്കൊടി ഉയൎത്തി.

ബുധനാഴ്ചരാവിലെ കോൺഗ്രസ്സ് പന്തലിൻെറ മദ്ധ്യത്തിൽ സ്ഥാപിതമായ പീഠത്തിൽവെച്ചു മാർ ജെയിംസു മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു അഘോഷമായ പൊന്തിഫിക്കാൽ കുറുബാനചൊല്ലി. പത്തുമണിക്കു ഡോക്ടർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ സമ്മേളനം ആരംഭിച്ചു. സ്ഥാനം ഒഴിഞ്ഞുപോകുന്ന ദിവാൻ മി. വാട്ട്സിനുള്ള മംഗളപത്രസമൎപ്പണമാണു ആദ്യം നടന്നതു്. മി. വാട്ട്സ് യാത്രപറഞ്ഞു പിരിഞ്ഞ ശേഷം ദിവ്യകാരുണ്യ സമ്മേളനചടങ്ങുകൾ നടന്നു.

മോൺസിഞ്ഞോർ പുതുശ്ശേരി, ഡോക്ടർ പഞ്ഞിക്കാരൻ, പുത്തൻപള്ളി സെമ്മിനാരി റെക്ടർ ഫാദർ ജോൺ ജോസഫ് എന്നിവർ പ്രസംഗിച്ചു. ദിവ്യകാരുണ്യഭക്തി സംബന്ധമായ ഏതാനും നിശ്ചയങ്ങൾ സഭയിൽ പാസ്സാക്കപ്പെട്ടു.

ഉച്ചതിരിഞ്ഞു ദിവ്യകാരുണ്യം എഴുന്നള്ളിച്ചുവച്ചു ഒരുമണിയാരാധന കഴിഞ്ഞു ആഘോഷമായ പ്രദക്ഷിണം ആരംഭിച്ചു. ഇരുനൂറിൽപ്പരം കന്യാസ്ത്രീകളും, മുന്നൂറോളം വൈദികരും, പതിനായിരത്തിലധികം ജനങ്ങളും ഇതിൽ സംബന്ധിച്ചു. വലിയപള്ളിയിലെത്തി ദിവ്യകാരുണ്യവാഴ്വും ലാക്കാലാഹായും കഴിഞ്ഞു ചടങ്ങുകൾ മംഗളമായി അവസാനിച്ചു. മഴയുടെ ഉപദ്രവം അല്പംപോലും ഉണ്ടായില്ലെന്നുള്ളതു പ്രത്യേകം ദൈവകാരുണ്യംതന്നെ.

## മനോഗുണ വിവരങ്ങൾ.

☞ ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേ റടച്ചു അപേക്ഷിക്കണം.

യാദൃശ്ചികമായി ഒരു കാട്ടാനയോടു അടുത്തു ആപൽക്കരാവസ്ഥയിലായ അവസരത്തിൽ മാർ യൌസേപ്പുപിതാവിൻെറയും പാറയിൽ മാതാവിൻെറയും പ്രത്യേക സഹായത്താൽ ഓടി രക്ഷപെടാൻ സാധിച്ചതിനു പകാരസ്മരണ. ജോസഫ് പുളിക്കൽ.

ഉദ്ദേശകാൎയ്യം സാധിച്ചതിനു കസുമം വഴി ഉപകാരസ്മരണ ചെയ്യുന്നു.

വി. ഡി. എ. അരുവിത്തുറ.

ആഗ്രഹിച്ചകാൎയ്യം സിദ്ധിച്ചുതന്നതിനു ചെറുപുഷ്പത്തിന്നു ഉപകാരസ്മരണ.

തളിയത്തു ആഗസ്തി മറിയം.

എൻെറ ഭാൎയ്യയുടെ പ്രസവം സുഖമായി നടക്കുന്നതിനു അപേക്ഷിച്ചപ്രകാരം നിറവേറിയതിനു കമ്മെലനാഥയ്ക്കു ഉപകാരസ്മരണ.

റി. ജെ. ബെൻസിലി കൊല്ലം.

വി. അന്തോനീസിൻെറയും വി. ചെറുപുഷ്പത്തിൻെറയും മദ്ധ്യസ്ഥതയാൽ തിരുഹൃദയത്തോടു അപേക്ഷിച്ചകാൎയ്യം സാധിച്ചതിനു നന്ദിപറകയും ഇനിയും ചില മനോഗുണങ്ങൾ സാധിച്ചു കിട്ടുവാൻ കുസുമവായനക്കാർ അപേക്ഷിക്കണമെന്നു അൎത്ഥിക്കയും ചെയ്യുന്നു.

വി. വി. പെറെയിരാ സിലോൺ.

വി. കൊച്ചുത്രേസ്യായുടെയും മാർ അന്തോനീസിൻെറയും സഹായത്താൽ ഉദ്ദിഷ്ടകാൎയ്യം സാധിച്ചതിനു.

ടി. സി സി. പെരുമാനൂർ.

കിട്ടാൻ ശരണമില്ലാതിരുന്ന ഏതാനും സാമാനങ്ങൾ വി ബ്രിജീത്താപുണ്യവതിയുടെയും വി. കൊച്ചുത്രേസ്യായുടെയും മാദ്ധ്യസ്ഥാപേക്ഷമൂലം തിരികെ കിട്ടിയതിനു ഉപകാരസ്മരണ.

എൻ. പ്രത്താസ് ഫർനാണ്ടസ് അയിരൂർ.

വളരെ നാളായി ആഗ്രഹിച്ചിരുന്നതും സാധിക്കാൻ വളരെ പ്രയാസമെന്നു വിചാരിച്ചിരുന്നതുമായ ഒരുകാൎയ്യം വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥം മൂലം നിഷ്പ്രയാസം സാധിച്ചതിന്നുപകാരസ്മരണ.

ഡി. എം. ഓ. പാവർട്ടി.

വി. കൊച്ചുത്രേസ്യാപുണ്യവതിയുടെയും മാർ അന്തോനീസിൻെറയും സഹായത്താൽ ആഗ്രഹിച്ചകാൎയ്യം സാധിച്ചതിന്നുപകാരസ്മരണ. കെ. രാഘവൻ പൊള്ളാച്ചി.

# പഞ്ചാംഗം.

എപ്പക്തി ൧൯. ഞായറാഴ്ച അക്ഷരം . ര

൧൯൨൯

## ൧൯൨൯ ജൂൺ.— ൧൧൦൪ ഇടവം-മിഥുനം.

ന. ക. തിരുഹൃദയവണക്കമാസം.

| | | | | | |
|---|---|---|---|---|---|
| 1 | 19 | ശ | ശ്രു. കു. എം. ന. കു. വെ. | | വെ. |
| 2 | 20 | ഞാ | ✠ പന്ത. ൨—ാം ഞാ. ന. കു. ആ | ൧൨ . ൫൨ . ൪ | വെ. |
| | | | ☞ അടുത്ത 7 ാംനു- തിരുഹൃദയത്തിരുനാളും ആദ്യവെള്ളിയാഴ്ചയും | | |
| 3 | 21 | തി | ശ്രു. കു. എം. ന. കു. വെ. | | വെ. |
| 4 | 22 | ചൊ | ശ്രു. കു. എം. ന. കു. വെ. | | വെ. |
| 5 | 23 | ബു | ശ്രു. കു. എം. ന. കു. വെ. | | വെ. |
| 6 | 24 | വ്യാ | ശ്രു. കു. എം. ന. കു. വെ. | | വെ. |
| 7 | 25 | വെ | ❂ ന. ക. തി. ഹൃ. തി. ന. ആ. കു. വെ. | | വെ. |
| 8 | 26 | ശ | ✻ മൗ. പൗലോസ് ദസ്സീവ (ഏ. വ്വ) ന. ആ. കു. വെ. | | വെ. |
| 9 | 27 | ഞാ | ✠ പന്ത. ൩—ാം ഞാ. ന. കു. ആ. | . ൨൭ . ൨ . ൫൭ | പ |
| 10 | 28 | തി | ✻ രാജ്ഞി മർഗ്ഗരീത്ത ന. ആ. കു. വെ. | | വെ. |
| 11 | 29 | ചൊ | ശ്ലീ. ബർണ്ണവാ ന. ആ. കു. വെ. | | ച്യു. |
| 12 | 30 | ബു | വേ. ബസലിയ്യൂസും കൂട്ടരും ന. ആ. കു. വെ. | | ച്യു. |
| 13 | 31 | വ്യാ | മൗ. അന്തോനീസ് പാദുവാ ന. ആ. കു. വെ. | | വെ. |
| 14 | 32 | വെ | മൗ. അ. ബസെലിയൊസ് ന. ആ. കു. വെ. | | വെ. |
| 15 | 1 | ശ | വേ. വിത്തോസും കൂട്ടരും ന. ആ. കു. വെ. | | ച്യു. |
| 16 | 2 | ഞാ | ✠ പന്ത. ൪—ാം ഞാ. ന. കു. ആ. | . ൧൬ . ൩ . ൪ | പ. |
| 17 | 3 | തി | ✻ മൗ. പാ. പീയ്യൂസ് (മേയ് ൫) ന. ആ. കു. വെ. | | വെ. |
| | | | കുണിഞ്ഞി പള്ളിയിൽ വി. അന്തോനീസിൻെറ തിരുനാൾ. | | |
| 18 | 4 | ചൊ | വേ. മർക്കോസും മർസലീനോസും ന. ആ. കു. വെ. | | ച്യു. |
| 19 | 5 | ബു | വേ. ഗർവ്വാസീസും പ്രൊത്താ. ന. ആ. കു. വെ. | | ച്യു. |
| 20 | 6 | വ്യാ | വേ. പാ. സിൽവെരീയ്യൂസ് ന. ആ. കു. വെ. | | ച്യു. |
| 21 | 7 | വെ | ✻ മൗ. ലൂയീസ് ഗൊൺസാഗാ ന. ആ. കു. വെ. | | വെ. |
| 22 | 8 | ശ | ❂ മൗ. അ. പൗലീനൂസ് ന. ആ. കു. വെ. | | വെ. |
| 23 | 9 | ഞാ | ✠ പന്ത. ൫—ാം ഞാ. ന. കു. ആ. | . ൧൨ . ൦ . ൫ | പ. |
| | | | ☞ അടുത്ത ശനിയാഴ്ച കടം. | | |
| | | | ന. പി. മാർ തോമ്മാശ്ലീഹായുടെ നവനാൾ തുടക്കം. | | |
| 24 | 10 | തി | (†) യോഹന്നാൻ മാം. പിറവി ന. ആ. കു. വെ. | | വെ. |
| | | | തെക്കൻപറവൂർ, വടകര, അമ്പല്ലൂർ പ്രധാനം. | | |
| 25 | 11 | ചൊ | ✻ ആബ. ഗ്രലിയെൽമൂസ് ന. ആ. കു. വെ. | | വെ |
| 26 | 12 | ബു | വേ. യോഹന്നാനും പൗലോസും ന. ആ. കു. വെ. | | ച്യു. |
| 27 | 13 | വ്യാ | ✻ യോഹന്നാൻ മാം. പിറവി എം. ന. ആ. കു. വെ. | | വെ. |
| 28 | 14 | വെ | മൗ. പാ. ലേയോൻ ന. ആ. കു. വെ. | | വെ. |
| | | | ശ്ലീ. പത്രോ. പൗലോ തലേനാൾ ന. കു. ത. | | റോ |
| 29 | 15 | ശ | ✠ ശ്ലീ. പത്രോസും പൗലോസും ന. കു. വെ. | | ച്യു. |
| | | | ശവംവച്ചുകൊണ്ടുള്ള കുർബാനക്രമവും ഇന്നുമുടക്കം. | | |
| 30 | 16 | ഞാ | ✠ പന്ത. ൬—ാം ഞാ. ന. കു. ആ. | . ൧൨ . ൯ . ൨ | പ |
| | | | ☞ അടുത്ത ബുധൻ കടം. | | |

Printed and Published for the Proprietor by P. K. Joseph at
St. Joseph's Press Mannanam 1929.